
VOL NO: 05 | ISSUE 23
www.nerpatham.com
mail@nerpatham.com
2021 JUNE 05 | ₹12

# നേർപഥം

വാരിക




# മോഷ്ടിക്കപ്പെടുന്ന മുസ്‌ലിം ആനുകൂല്യങ്ങൾ

മുസ്‌ലിം ന്യൂനപക്ഷങ്ങൾക്ക് വേണ്ടി സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആനുകൂല്യങ്ങൾ കേരളത്തിൽ അട്ടിമറിക്കപ്പെടുകയാണ്. കേരള സർക്കാർ 2008 മുതൽ നടപ്പാക്കി വന്ന മുസ്‌ലിം ക്ഷേമ പദ്ധതികളാണ് ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുന്നത്. മുസ്‌ലിം വിദ്യാർഥികൾക്ക് മാത്രമായി നടപ്പാക്കാനുദ്ദേശിച്ച ക്ഷേമ പദ്ധതി വകമാറ്റിയതിലെ അടിസ്ഥാന പ്രശ്നങ്ങളെ വിലയിരുത്തുന്നു.

- **പരിസ്ഥിതിസംരക്ഷണം: വിശ്വാസിസമൂഹങ്ങളുടെ പങ്ക്**

- **മരണം സുനിശ്ചിതമാണ്**
- **ഈസാ: ഒരു ദൈവികദൃഷ്ടാന്തം**
- **പ്രവാചകനും സ്വപ്നദർശനവും**

جامعة الهند الإسلامية

JAMIA AL-HIND AL-ISLAMIYYA

VISION 2030

# 2021–2022 അദ്ധ്യയന വർഷത്തെ

# വിവിധ കോഴ്സുകളിലേക്കുള്ള

# രജിസ്ട്രേഷൻ തുടരുന്നു

## മഅ്ഹദുല്ലുഗഃ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക് യൂണിവേസിറ്റിയുടെ മഅ്ഹദുല്ലുഗഃ സിലബസിനോടൊപ്പം +2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്. **സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം**

വിശദ വിവരങ്ങൾക്ക്: 8606366661, 9746639139

## കുല്ലിയ്യത്തുദ്ദഅ്‌വ / കുല്ലിയ്യത്തുൽ ഹദീസ് / ഫിഖ്ഹ്

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അഖീദഃ, ഫിഖ്ഹ് എന്നീ മേഖലകളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്. **സെലക്ഷൻ ക്യാമ്പ്: മെയ് മൂന്നാം വാരം**

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

## തഖസ്സുസ്

ശരീഅഃ കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പെന്റോടു കൂടിയുള്ള രണ്ട് വർഷ റിസർച്ച് കോഴ്സ്, കൂടെ MA ചെയ്യാനും അവസരം.
**സെലക്ഷൻ ക്യാമ്പ്: ജൂൺ ആദ്യവാരം**

വിശദ വിവരങ്ങൾക്ക്: 9656530656, 8589917780

Scan for Registration:

REGISTER http://jamiaalhind.com/admission

0229
നേർപഥം
വാരിക

2021 ജൂൺ 05
1442 ശവ്വാൽ 24
പുസ്തകം 05 / ലക്കം 23


Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




10
മോഷ്ടിക്കപ്പെടുന്ന
മുസ്‌ലിം ആനുകൂല്യങ്ങൾ
സുഫ്‌യാൻ അബ്ദുസ്സലാം

05
മുഖമൊഴി
മഴ: ഒരു ദൈവികദൃഷ്ടാന്തം
എഡിറ്റർ

06
ചരിത്രപഥം
പ്രവാചകനും സ്വപ്നദർശനവും
ഹുസൈൻ സലഫി, ഷാർജ


19
ലേഖനം
പരിസ്ഥിതിസംരക്ഷണം:
വിശ്വാസിസമൂഹങ്ങളുടെ പങ്ക്
ഉമർഷരീഫ്, റിയാദ്

25
ലേഖനം
ജൂതന്മാർ:
ക്വുർആൻ നൽകുന്ന ചരിത്രപാഠങ്ങൾ
സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി

29
വിവർത്തനം
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

32
ലേഖനം
ക്വുർആൻ പാരായണത്തിന് മുമ്പ്
ഇസ്തിആദ
ചൊല്ലുന്നതെന്തിന്?
അൻവർ അബൂബക്കർ

34
കാഴ്ച
മരണം സുനിശ്ചിതമാണ്
ഇബ്നു അലി എടത്തനാട്ടുകര



ചലനങ്ങൾ

# ഒന്നാം റാങ്കിന് ആദരം: മലയാളി വിദ്യാർഥിനിക്ക് യു.എ.ഇ നൽകിയത് പത്ത് വർഷത്തെ വിസ

ഷാർജ: പ്രമുഖ വ്യക്തിത്വങ്ങൾക്ക് യു.എ.ഇ നൽകുന്ന 10 വർഷ 'ഗോൾഡൻ വിസ' മലയാളി വിദ്യാർഥിനിക്ക്. ഷാർജയിൽ താമസിക്കുന്ന ആലപ്പുഴ ചന്തിരൂർ അൽസനാബിലിൽ മുഹമ്മദ് അസ്ലമിന്റെയും സുനിതയുടെയും മകൾ തസ്നീം അസ്ലമാണ് ഈ അതുല്യനേട്ടം സ്വന്തമാക്കിയത്. വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി യു.എ.ഇ നൽകുന്ന 'ഗോൾഡൻ വിസ' നേടുന്ന ആദ്യ മലയാളി വിദ്യാർഥിനിയാണ് തസ്നീം. 2031 മെയ് 23 വരെ യു.എ.ഇയിൽ തങ്ങാനുള്ള വിസയാണ് തസ്നീമിന് ലഭിച്ചിരിക്കുന്നത്. വിസ്ഡം ഷാർജ യൂണിറ്റിലെ സജീവ പ്രവർത്തകനാണ് പിതാവ് മുഹമ്മദ് അസ്ലം.

കഴിഞ്ഞ വർഷം ഷാർജ അൽക്വാസിമിയ്യ യൂനിവേഴ്സിറ്റിയിൽനിന്ന് ഇസ്‌ലാമിക് ശരീഅഃ ഡിഗ്രിയിൽ ഒന്നാം റാങ്ക് നേടിയതാണ് തസ്നീമിന്റെ നേട്ടത്തിന് നിദാനമായത്. ക്വുർആൻ മനഃപാഠമാക്കിയ തസ്നീം ഷാർജ യൂനിവേഴ്സിറ്റിയിൽതന്നെ ഫിക്വ്ഹിൽ (ഇസ്‌ലാമിക കർമശാസ്ത്രം) പി.ജിക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പഠനത്തിലും പാഠ്യേതര പ്രവൃത്തിയിലും മിടുക്കിയായ തസ്നീം സി.ബി.എസ്.ഇ പ്ലസ്ടു പരീക്ഷയിൽ യു.എ.ഇയിൽനിന്ന് നാലാം റാങ്കോടെയാണ് പാസായത്. എമിറേറ്റ്സ് നാഷനൽ സ്കൂളിൽ സ്കോളർഷിപ്പോടെയായിരുന്നു പ്ലസ്ടു പഠനം. മികച്ച വിജയത്തിനുശേഷം അൽക്വാസിമിയ്യ യൂനിവേഴ്സിറ്റിയിൽ സ്കോളർഷിപ്പോടെ പ്രവേശനം നേടി. ഇതാണ് തസ്നീമിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. നാലുവർഷത്തെ ബിരുദപഠനം പൂർത്തിയാക്കിയപ്പോൾ 72 രാജ്യങ്ങളിലെ വിദ്യാർഥികളെ മറികടന്നാണ് ഒന്നാം റാങ്ക് സ്വന്തമാക്കിയത്. അറബിഭാഷയിൽ പാണ്ഡിത്യം നേടാൻ കഠിന പരിശ്രമം നടത്തിയ തസ്നീം അറബിക് വാർത്തകളും മറ്റും കാണുന്നത് സ്ഥിരമാക്കി. ഇസ്‌ലാമിക് സെമിനാറുകളിലും മത്സരങ്ങളിലും സ്ഥിരമായി പങ്കെടുത്തു.

ഡ്രൈവിംഗ് ലൈസൻസും കാറും ഉണ്ടായിരുന്നെങ്കിലും അറബിക്കുട്ടികളുമായി സംസാരിക്കാൻ യൂനിവേഴ്സിറ്റി ബസിലായിരുന്നു യാത്ര. അറബി ട്രാൻസ്‌ലേഷനിൽ മിടുമിടുക്കിയാണ്. അൽഹാസിം ഡോക്യുമെന്റ്സ് എന്ന പേരിൽ ടൈപിങ് സെന്റർ നടത്തുന്ന പിതാവിനെ ട്രാൻസ്‌ലേഷനിൽ സഹായിക്കുന്നതും തസ്നീമും സഹോദരങ്ങളുമാണ്. പഠനത്തിനിടയിലും ഷാർജ സർക്കാറിന്റെ ക്വുർആൻ ആന്റ് സുന്നഃ ഡിപ്പാർട്മെന്റിൽ അധ്യാപികയായി ജോലിചെയ്യുന്നുണ്ട്. ഡിഗ്രി രണ്ടാം വർഷം മുതൽ ഇവിടെ പഠിപ്പിക്കുന്നു.

പഠനത്തിൽ മാത്രമല്ല, സാമൂഹിക സേവന പ്രവർത്തനങ്ങളിലും തൽപരയാണ് തസ്നീം. ഷാർജ റെഡ് ക്രസന്റിലെ സജീവ അംഗമാണ്. ഷാർജ സോഷ്യൽ സർവിസ് ഡിപ്പാർട്മെന്റിന്റെ പ്രവർത്തനങ്ങളിൽ വളണ്ടിയറായും പ്രവർത്തിക്കുന്നു. കുതിരസവാരി ഏറെ ഇഷ്ടപ്പെടുന്ന തസ്നീം മികച്ച ഡിസൈനർ കൂടിയാണ്. സ്വന്തം പർദ ഡിസൈൻ ചെയ്യാറുണ്ട്. സഹോദരി സുമയ്യയും അൽ ക്വാസിമിയ്യ സർവകലാശാലയിലെ വിദ്യാർഥിനിയാണ്. ക്വുർആൻ മനഃപാഠമാക്കിയ സുമയ്യ എമിറേറ്റ് അമേരിക്കൻ സ്കൂളിലെ അധ്യാപികയാണ്. ഭർത്താവ് സഫീർ ദുബൈയിൽ സോഫ്റ്റ്‌വെയർ എൻജിനീയർ.

അറബികളായ കുട്ടികൾ പഠിക്കുന്ന സ്ഥലത്ത് മക്കളെ പഠിപ്പിച്ചാൽ അറബിഭാഷ എളുപ്പത്തിൽ പഠിച്ചെടുക്കാൻ അവസരം ലഭിക്കും. മതപരമായ നേട്ടത്തോടൊപ്പം അനന്തമായ ജോലി സാധ്യതകളാണ് ഈ മേഖലയിലുള്ളത്. രക്ഷിതാക്കൾ ഇത് മനസ്സിലാക്കാതെ പോകരുത് എന്നാണ് തസ്നീമിന്റെ പിതാവ് അസ്ലമിന് പറയാനുള്ളത്.

മുഖമൊഴി

# മഴ: ഒരു ദൈവികദൃഷ്ടാന്തം

കാലാവസ്ഥയിൽ വർഷംതോറും വലിയ വ്യതിയാനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മുമ്പൊക്കെ കൃത്യമായി വന്നുകൊണ്ടിരുന്ന മഴക്കാലം ചിലപ്പോൾ നേരത്തെയെത്തുന്നു, അല്ലെങ്കിൽ വൈകിയെത്തുന്നു. ജീവന്റെ അടിസ്ഥാന ഘടകമാണല്ലോ വെള്ളം. മഴ പെയ്യാതിരുന്നാൽ കിണറുകളും കുളങ്ങളും മറ്റു ജലസ്രോതസ്സുകളുമെല്ലാം വറ്റും. പുഴകളിലെ നീരൊഴുക്ക് നിലയ്ക്കും. മഴ കിട്ടാതിരിക്കുമ്പോഴാണ് അതിന്റെ വില നാം അറിയാറുള്ളത്. മഴയുടെ ലഭ്യതയിൽ വിസ്മയകരവും ചിന്താർഹവുമായ പല കാര്യങ്ങളുണ്ട്. ചിന്തിക്കുന്ന മനുഷ്യർക്ക് സർവശക്തനായ സ്രഷ്ടാവിന്റെ അസ്തിത്വം അംഗീകരിക്കുവാൻതക്ക തെളിവുകൾ അവയിൽനിന്ന് ലഭിക്കുമെന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു:

“തന്റെ (മഴവർഷമാകുന്ന) കാരുണ്യത്തിന്റെ മുമ്പിൽ സന്തോഷസൂചകമായി കാറ്റുകളെ അയച്ചതും അവൻ (അല്ലാഹു) തന്നെ. ആകാശത്തുനിന്ന് ശുദ്ധമായ ജലം നാം ഇറക്കുകയും ചെയ്തിരിക്കുന്നു. നിർജീവമായ നാടിന് അതുമുഖേന നാം ജീവൻ നൽകുവാനും നാം സൃഷ്ടിച്ചിട്ടുള്ള ധാരാളം കന്നുകാലികൾക്കും മനുഷ്യർക്കും അത് കുടിപ്പിക്കുവാനും വേണ്ടി. അവർ ആലോചിച്ചു മനസ്സിലാക്കേണ്ടതിനായി അത് (മഴവെള്ളം) അവർക്കിടയിൽ നാം വിതരണം ചെയ്തിരിക്കുന്നു. എന്നാൽ മനുഷ്യരിൽ അധികപേർക്കും നന്ദികേട് കാണിക്കുവാനല്ലാതെ മനസ്സുവന്നില്ല” (ക്വുർആൻ 25: 48-50).

ഭൂമിയിലെ ജീവജാലങ്ങൾക്ക് കണക്കില്ലാത്ത അനുഗ്രഹങ്ങൾ നൽകിയവനാണ് സ്രഷ്ടാവായ അല്ലാഹു. അതിൽപെട്ട ഒന്നാണ് മഴ. അതുകൊണ്ട് കാരുണ്യം എന്നാണ് അല്ലാഹു മഴയെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത്. ആ കാരുണ്യത്തിന്റെ ആഗമനത്തിനു മുന്നോടിയായി തണുത്ത കാറ്റടിച്ചുവീശുമ്പോൾ മഴ കാത്തിരിക്കുന്നവരുടെ മനംകുളിർക്കാറുണ്ടെന്നത് അനുഭവ യാഥാർഥ്യമാണ്.

“നീ കണ്ടില്ലേ, അല്ലാഹു ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് ഭൂമിയിലെ ഉറവിടങ്ങളിൽ അതവൻ പ്രവേശിപ്പിച്ചു...” (ക്വുർആൻ 39:21).

“നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ മേഘത്തിൽനിന്ന് അതിറക്കിയത്? അതല്ല നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അത് നാം ദുഃസ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിട്ടും നിങ്ങൾ നന്ദി കാണിക്കാത്തതെന്താണ്?” (ക്വുർആൻ 56:68-70).

ഒരു കണക്കനുസരിച്ചാണ് അല്ലാഹു മഴ നൽകുന്നത്. കിണറുകളും കുളങ്ങളുമൊക്കെ കുഴിച്ചാൽ വെള്ളം ലഭിക്കത്തക്ക വിധത്തിൽ വെള്ളത്തെ ഭൂമിയുടെ അഗാധതയിലേക്ക് ഇറങ്ങാൻ അനുവദിക്കാതെ തടുത്തുനിർത്തുന്നതും അല്ലാഹു തന്നെ: “ആകാശത്തുനിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളം ചൊരിയുകയും എന്നിട്ട് അതിനെ നാം ഭൂമിയിൽ തങ്ങിനിൽക്കുന്നതാക്കുകയും ചെയ്തിരിക്കുന്നു. അത് വറ്റിച്ചുകളയുവാൻ തീർച്ചയായും നാം ശക്തനാകുന്നു”(ക്വുർആൻ 23:18).

വേനൽക്കാലമായാൽ ഈർപ്പം നഷ്ടപ്പെട്ട് ഭൂമി വിണ്ടുകീറുന്നു. സസ്യലതാതികൾ ഉണങ്ങിക്കരിയുന്നു. എന്നാൽ നല്ലൊരു മഴയേൽക്കുമ്പോൾ തന്നെ ഭൂമിക്ക് ജീവൻ വെക്കുകയായി. വിശുദ്ധ ക്വുർആൻ പറയുന്നു: “നീ ഭൂമിയെ വരണ്ടുണങ്ങിയതായി കാണുന്നു. എന്നിട്ട് നാം അതിൽ ജലം വർഷിച്ചാൽ അതിന് ചലനമുണ്ടാവുകയും അത് വളരുകയും ചെയ്യുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ...” (41:39).

മഹത്തായ ഈ പ്രതിഭാസത്തിന്റെ പിന്നിലുള്ള അദൃശ്യവും അപാരവുമായ മഹാശക്തിയെക്കുറിച്ച് ആലോചിക്കുവാനും അവനോട് നന്ദിയും വിധേയത്വവും കാണിക്കുവാനുമാണ് വിശ്വാസികൾ തയ്യാറാകേണ്ടത്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# പ്രവാചകനും സ്വപ്നദർശനവും

മുഹമ്മദ് നബിﷺ 23

## നബിﷺയെ ഉറക്കത്തിൽ കാണൽ

നബിﷺയെ ഉറക്കത്തിൽ കാണാൻ സാധിക്കും എന്നത് പ്രമാണങ്ങൾ നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. നബിﷺയെ സ്വപ്നത്തിൽ കാണുന്നതുമായി ബന്ധപ്പെട്ട ഒരു ഹദീഥ് കാണുക:

അനസി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബിﷺ പറഞ്ഞു: 'ആരെങ്കിലും എന്നെ സ്വപ്നത്തിൽ കണ്ടാൽ തീർച്ചയായും അവൻ എന്നെ കണ്ടിരിക്കുന്നു. കാരണം, പിശാചിന് എന്നെക്കൊണ്ട് ഭാവിക്കാൻ കഴിയില്ല. വിശ്വാസിയുടെ സ്വപ്നം പ്രവാചകത്വത്തിന്റെ നാൽപത്തിആറിൽ ഒരു ഭാഗമാകുന്നു" (ബുഖാരി).

ആരെങ്കിലും നബിﷺയെയാണ് സ്വപ്നം കണ്ടതെങ്കിൽ അവൻ കണ്ടത് നബിﷺയെ തന്നെയാണ്. പിശാച് പല കോലത്തിലും രൂപം പ്രാപിക്കും. എന്നാൽ നബിﷺയുടെ രൂപത്തിൽ വരാനുള്ള കഴിവ് അവന് ഇല്ല. ഇവിടെ ഒരു കാര്യം നാം നന്നായി മനസ്സിലാക്കേണ്ടതുണ്ട്. നബിﷺയുടെ രൂപത്തിൽ അവന് വരാൻ കഴിയില്ല എന്നാണല്ലോ നമ്മെ പഠിപ്പിച്ചത്. എന്നാൽ അവൻ ഒരു രൂപത്തിൽ വന്ന് ഞാൻ മുഹമ്മദ് നബിയാണ് എന്ന് വാദിക്കും. അപ്പോൾ സ്വപ്നത്തിൽ ഒരാൾ നബിﷺയെ കണ്ടാൽ അത് ശരിയാണോ അല്ലേ എന്ന് നാം എങ്ങനെ തിരിച്ചറിയും? നബിﷺയുടെ രൂപവും ആകൃതിയും ഹദീഥുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആ രൂപത്തിൽ ഒരാൾ കണ്ടാൽ, താൻ കണ്ടത് നബിﷺയെ തന്നെയാണെന്ന് മനസ്സിലാക്കാം. അല്ലെങ്കിൽ ശയ്ത്വാൻ ആരുടെയോ രൂപത്തിൽ വന്ന് നബിയാണെന്ന് വാദിച്ചതായും മനസ്സിലാക്കണം. എന്നാൽ പലരും ഈ കാര്യത്തിൽ അശ്രദ്ധരാണ്. എന്നിട്ട് ഞാൻ നബിയെ സ്വപ്നത്തിൽ കണ്ടു എന്ന് പറയുകയും ചെയ്യും.

സൃഷ്ടികളിൽ നാം ഏറെ സ്നേഹിക്കുന്നത് മുഹമ്മദ് നബിﷺയെയാണല്ലോ. ആ പ്രവാചകനെ ഒരു നോക്ക് കാണാൻ കൊതിക്കാത്തവർ വിശ്വാസികളിൽ ഉണ്ടാകില്ല. ഈ ആഗ്രഹം ചൂഷണം ചെയ്യുന്ന ചില പുരോഹിതന്മാരുണ്ട്. അവർ നബിയെ സ്വപ്നത്തിൽ കാണാനായി ഒരു സ്വലാത്ത് പഠിപ്പിക്കുന്നുണ്ട്. താജുസ്വലാത്ത് എന്നാണ് അതിന്റെ പേര്. അത് 4444 തവണ ചൊല്ലിയാൽ നബിﷺയെ കാണുമെന്നത് തീർച്ചയാണ് പോലും! അത്രയും തവണ ചൊല്ലാൻ കഴിയാത്തവർ അത്ര രൂപ നേർച്ചയാക്കിയാൽ മതിയത്രെ! ജനങ്ങളുടെ സമ്പത്ത് കൊള്ളയടിക്കലാണല്ലോ പുരോഹിതരുടെ പണി. നബിﷺയെ സ്വപ്നത്തിൽ കാണാൻ ഇങ്ങനെ ഒരു സ്വലാത്ത് ഇത്ര തവണ ചൊല്ലുക എന്നത് നബിﷺ നിശ്ചയിച്ചതാണോ? അതിന് കഴിയാത്തവർ ഇത്ര തുക നേർച്ചയാക്കിയാൽ മതി അവിടുന്ന് അരുളിയിട്ടുണ്ടോ? ഇല്ല! അതിനാലാണ് ഇത് തനിച്ച തട്ടിപ്പാണെന്ന് നാം പറയുന്നത്. പൂർവികർക്കാർക്കും ഇങ്ങനെ ഒരു സ്വലാത്തോ, ഇങ്ങനെ ഒരു സ്വലാത്തിന് ഇങ്ങനെ ഒരു ഗുണമോ ഉള്ളതായി അറിയില്ല.

ജൂത, ക്രൈസ്തവരുടെ ഒരു നടപടിയെ പറ്റി ക്വുർആൻ ആക്ഷേപിച്ചിട്ടുണ്ട്. എന്താണ് അവർ ചെയ്തത്? അവർ സ്വന്തമായി എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിലേക്ക് ചേർത്തി ദൈവ വാക്യങ്ങളായി പരിചയപ്പെടുത്തുകയും ചെയ്തു. സ്വന്തം കരങ്ങളാൽ എഴുതിയുണ്ടാക്കിയ ഇത്തരം കാര്യങ്ങളെ അല്ലാഹുവിലേക്ക് ചേർത്തി പ്പറയുന്നത് എത്ര ഗുരുതരമായ കാര്യമാണ്! ഇതുപോലെ മുസ്‌ലിംകളിൽ ചിലർ പലതും സ്വന്തമായി എഴുതിയുണ്ടാക്കുകയും അത് അല്ലാഹുവിന്റെയും റസൂലിന്റെയും അധ്യാപനങ്ങളായി സമൂഹത്തിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നവരാണ്. താജുസ്വലാത്തിന്റെ കാര്യം നാം പറഞ്ഞുവല്ലോ. അതുപോലെ അവരുടെ 786 വക മൗലിദ് കിതാബിൽ 'അൽഅ്ളമുസ്സ്വലാത്ത്' എന്ന ഒന്നുണ്ട്. ഈ സ്വലാത്തിനെ പറ്റി അവരുടെ അവകാശവാദം ഇങ്ങനെയാണ്: "സുഫ്‌യാനുസ്സൗരി എന്നവർ പറഞ്ഞിരിക്കുന്നു: വെള്ളിയാഴ്ച രാവിൽ പന്ത്രണ്ട് വട്ടം ഈ സ്വലാത്തിനെ ഒരുത്തൻ ഓതിയാൽ റസൂൽﷺ തങ്ങളെ കിനാവിൽ കാണുന്നതാണ്. ഇനി നമ്മുടെ തടിയും ക്വൽബും വിടക്കായതുകൊണ്ട് കണ്ടില്ലെങ്കിൽ കണ്ട ഫലം സമ്പാദിക്കും."

സുഫ്‌യാനുസ്സൗരിയുടെ പേരിൽ പറഞ്ഞ കള്ളമാണിത്. ആരാണ് ഇവർക്ക് ഇപ്രകാരം വഹ്‌യ് നൽകിയത്? ഇങ്ങനെ ഒരു സ്വലാത്തും അത് ഇത്ര എണ്ണം പിടിക്കണമെന്നും ഇന്ന ദിവസത്തിലെ ഇന്ന സമയത്താണ് ചൊല്ലേണ്ടതെന്നുമൊക്കെ ആരാണ് പഠിപ്പിച്ചത്? അല്ലാഹുവോ റസൂലോ പഠിപ്പിച്ചതാണോ?

> **ആരെങ്കിലും നബിﷺയെയാണ് സ്വപ്നം കണ്ടതെങ്കിൽ അവൻ കണ്ടത് നബിﷺയെ തന്നെയാണ്. പിശാച് പല കോലത്തിലും രൂപം പ്രാപിക്കും. എന്നാൽ നബിﷺയുടെ രൂപത്തിൽ വരാനുള്ള കഴിവ് അവന് ഇല്ല. നബിﷺയുടെ രൂപത്തിൽ അവന് വരാൻ കഴിയില്ല എന്നാണല്ലോ നമ്മെ പഠിപ്പിച്ചത്. എന്നാൽ അവൻ ഒരു രൂപത്തിൽ വന്ന് ഞാൻ മുഹമ്മദ് നബിയാണ് എന്ന് വാദിക്കും. അപ്പോൾ സ്വപ്നത്തിൽ ഒരാൾ നബിﷺയെ കണ്ടാൽ അത് ശരിയാണോ അല്ലേ എന്ന് നാം എങ്ങനെ തിരിച്ചറിയും? നബിﷺയുടെ രൂപവും ആകൃതിയും ഹദീഥുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആ രൂപത്തിൽ ഒരാൾ കണ്ടാൽ, താൻ കണ്ടത് നബിﷺയെ തന്നെയാണെന്ന് മനസ്സിലാക്കാം. അല്ലെങ്കിൽ ശയ്ത്വാൻ ആരുടെയോ രൂപത്തിൽ വന്ന് നബിയാണെന്ന് വാദിച്ചതായും മനസ്സിലാക്കണം.**

അതുപോലെ നബിയെ സ്വപ്ന ത്തിൽ കാണാൻ പഠിപ്പിക്കുന്ന മറ്റൊരു സ്വലാത്തിന്റെ രൂപം കാണുക: "അല്ലാ ഹുവേ, ഞങ്ങളുടെ നേതാവ് മുഹമ്മ ദിﷺന്റെ മേൽ രക്ഷയും അനുഗ്രഹവും ചൊരിയേണമേ. അല്ലാഹുവിന്റെ റസൂലേ, എന്റെ പ്രയത്നങ്ങൾ കുറവാണ്. അ ങ്ങയെ എനിക്ക് കാണിക്കണേ.

ഇതിന്റെ തുടക്കം തെറ്റില്ല. നബിﷺക്ക് വേണ്ടി അല്ലാഹുവിനോട് സ്വലാതിനെ യും സലാമിനെയും ചോദിക്കലാണ്. എന്നാൽ പിന്നീട് പറയുന്നതോ? എന്റെ എല്ലാ പ്രയത്നങ്ങളും തന്ത്രങ്ങളും അ വസാനിച്ചു. ഇനി എനിക്ക് ഒന്നും ചെ യ്യാനില്ലെന്നും, അതിനാൽ അങ്ങയെ എനിക്ക് കാണിക്കേണമേ എന്ന് ന ബിﷺയോടാണ് തേടുന്നത്. ഈ സ്വ ലാത്ത് എഴുപത് തവണ ചൊല്ലി പ തിവാക്കിയാൽ അവൻ നബിയെ സ്വ പ്നത്തിൽ കാണുമെന്നാണ് ഇവരുടെ വാഗ്ദാനം. ആരെങ്കിലും നബിയെ സ്വ പ്നത്തിൽ കാണാൻ ആഗ്രഹിക്കുന്ന വർ മാസത്തിലെ ആദ്യത്തെ വെള്ളി യാഴ്ച രാത്രി ഇശാഇനുശേഷം ഈ സ്വലാത്തു ചൊല്ലുക എന്നും അവർ പറയുന്നു.

നബിﷺയെ സ്വപ്നത്തിൽ കാണാൻ ഈ വക കിതാബുകളിൽ ഉള്ളത് പോ ലെയുള്ള കുറുക്ക് വഴികളൊന്നും അ വിടുന്ന് നമുക്ക് പഠിപ്പിച്ചുതന്നിട്ടില്ല. ഇ ത്തരം നടപടികളൊന്നും സ്വഹാബി മാർക്കോ താബിഉകൾക്കോ ഒന്നും പ രിചയമില്ലാത്തതുമാകുന്നു.

നബിﷺയെ കുറിച്ച് നബിﷺ പഠിപ്പി ച്ചത് പ്രകാരമാണ് നാം വിശ്വസിക്കേ ണ്ടത്. സ്വഹാബിമാർ അപ്രകാരമാണ് നബിﷺയിൽ വിശ്വസിച്ചത്. എന്നാൽ അതിൽനിന്നെല്ലാം അതിരുകടന്ന് ഇ ന്ന് എന്തെല്ലാം വിശ്വാസങ്ങളാണ് സ മൂഹം വെച്ചുപുലർത്തിക്കൊണ്ടിരിക്കു ന്നത്! നബിﷺയെ ഉണർച്ചയിൽ പോ ലും കാണാൻ കഴിയുമെന്നാണ് ചിലർ വിശ്വസിച്ചുപോരുന്നത്.

അബുൽ മവാഹിബ് അശ്ശാദുലി പ റഞ്ഞു: "ഞാൻ അല്ലാഹുവിന്റെ റസൂ ലിﷺനെ കണ്ടു. അപ്പോൾ അവിടുന്ന് തന്നെപ്പറ്റി പറഞ്ഞു: 'ഞാൻ മരിച്ചിട്ടില്ല. നിശ്ചയം എന്റെ മരണം അല്ലാഹുവി നെപ്പറ്റി ശരിക്ക് മനസ്സിലാക്കാത്തവ രിൽനിന്ന് മറച്ചു എന്നേയുള്ളൂ. അങ്ങനെ ഞാൻ നബിയെയും നബി എന്നെയും കാണുകയുണ്ടായി."

ശാദുലീ ത്വരീക്വത്തിലെ ഒരു സ്വൂഫിയാണ് ഇ യാൾ. നബിക്ക് ശേഷം എത്രയോ കാലം കഴിഞ്ഞ് വന്ന ആളാണ് ഇയാൾ. അയാൾ അല്ലാഹുവിന്റെ റസൂലിനെ കണ്ടു പോലും! എന്നിട്ട് നബിﷺ മരിച്ചി ട്ടില്ലെന്നും, അല്ലാഹുവിനെപ്പറ്റി നന്നായി അറിയാ ത്തവരിൽനിന്ന് തൽക്കാലത്തേക്ക് മറയിടുകയാണ് എന്റെ മരണത്തിലൂടെ സംഭവിച്ചത് എന്നും നബിﷺ ഇയാളോട് പറഞ്ഞുവത്രെ! അഥവാ, സ്വഹാബത്തി ന്റെ മുന്നിൽവെച്ച് സംഭവിച്ച നബിﷺയുടെ വിയോ ഗം ശരിയായ മരണമല്ലെന്നും, അവർക്ക് അല്ലാ ഹുവിനെപ്പറ്റി ശരിയായ ജ്ഞാനം ഇല്ലാത്തതി നാൽ അവരിൽനിന്ന് ഒരു മറയിടപ്പെടുകയാണ് ചെ യ്തത് എന്നുമല്ലേ ഈ പറഞ്ഞത്? എത്ര ഗൗരവ മുള്ള വാദമാണിത്! സ്വഹാബിമാർക്ക് അല്ലാഹുവി നെപ്പറ്റി ശരിയായ അറിവില്ലായിരുന്നെന്നോ? മാത്ര മല്ല, ഇതിലൂടെ എന്താണ് ഈ സ്വൂഫി പ്രചരിപ്പിക്കു ന്നത്? അല്ലാഹുവിനെ ശരിക്ക് അറിയുന്ന ഒരാൾക്ക് നബിയെ എപ്പോഴും കാണാം എന്നാണ്. ചില സ്വൂ ഫികളുടെ കള്ള വാർത്തകൾ കാണുക:

'അബുൽ മവാഹിബ് എന്ന സ്വൂഫി, അല്ലാഹു വിന്റെ റസൂലിﷺനെ നിരവധി തവണ കണ്ടിട്ടുണ്ടെ ന്നും അങ്ങനെ ഒരിക്കൽ നബിയെ കണ്ടപ്പോൾ അയാൾ ഇപ്രകാരം പറയുകയും ചെയ്തുവത്രെ: 'നിങ്ങളെ ഞാൻ കണ്ടതിലുള്ള സ്വീകാര്യതയിൽ ജനങ്ങൾ എന്നെ കളവാക്കുകയാണ്. അപ്പോൾ റസൂൽﷺ പറഞ്ഞു പോലും: അല്ലാഹുവിന്റെ പ്ര താപവും മഹത്ത്വവും തന്നെയാണ് സത്യം! നി ന്നെ വിശ്വസിക്കാത്തവൻ, അല്ലെങ്കിൽ നിന്നെ കള വാക്കുന്നവൻ യഹൂദിയോ നസ്രാനിയോ മജൂസിയോ ആയിട്ടല്ലാതെ മരിക്കുകയില്ല."

എത്ര അപകടകരമായ കാര്യങ്ങളാണ് ഈ പറയുന്നത്! നബിﷺയെ ഉണർച്ചയിൽ കാണുമെന്ന് വിശ്വസിക്കാത്തവൻ ജൂതനോ ക്രിസ്ത്യാനിയോ അഗ്നിയാരാധകനോ ആയി മരിക്കുമെന്നാണ് പറ യുന്നത്. ഈ വിശ്വാസം മുൻഗാമികൾക്കുണ്ടായി രുന്നോ? നിങ്ങളോ നിങ്ങളുടെ പൂർവപിതാക്കളോ കേട്ടിട്ടില്ലാത്ത വർത്തമാനങ്ങളുമായി ചില കള്ളന്മാ ർ വരുമെന്ന് അല്ലാഹുവിന്റെ റസൂൽﷺ നമുക്ക് മു ന്നറിയിപ്പ് നൽകിയിട്ടുള്ളത് നാം മറക്കരുത്.

ഇയാളുടെ മറ്റൊരു കളവ് കാണുക: 'ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിൽ ഉദ്ധരിച്ചിട്ടുള്ള 'ഭ്രാ ന്തൻ എന്ന് അവർ വിളിക്കുന്നതുവരെ നിങ്ങൾ അ ല്ലാഹുവിനെ ഓർക്കുക' എന്ന പ്രസിദ്ധമായ ഹ ദീഥിനെപ്പറ്റി ഞാൻ റസൂലിﷺനെ കണ്ടപ്പോൾ ചോ ദിക്കുകയുണ്ടായി. അപ്പോൾ നബിﷺ പറഞ്ഞു: ഇ ബ്നു ഹിബ്ബാൻ തന്റെ രിവായത്തിൽ സത്യമാണ് പറഞ്ഞത്.'

സുഡാനി സ്വൂഫീ ശൈഖായ ഖൗജലിയുടെ ചില വിദ്യാർഥികൾ ഇപ്രകാരം വാദിക്കുന്നു: 'അവരുടെ ശൈഖ് നബിﷺയെ എല്ലാ ദിവസവും ഇരുപത്തിനാല് തവണ ഉണർച്ചയിലായിരിക്കെ കാണാറുണ്ടായിരുന്നു.'

അബുൽ അബ്ബാസ് എന്ന മറ്റൊരാൾ പറയുന്നത് ഇങ്ങനെ: 'ഞാൻ നബിﷺയെ കൊല്ലത്തിൽ നാൽപത് തവണ കാണാറുണ്ട്. ഒരിക്കൽ പോലും എനിക്ക് റസൂലിനെ കാണുന്നതിനെ തൊട്ട് മറയിടപ്പെട്ടിട്ടില്ല. ഒരു കണ്ണിമവെട്ടുന്ന നേരത്തേക്കെങ്കിലും ഞാൻ മറയിടപ്പെട്ടാൽ പിന്നെ മുസ്‌ലിംകളുടെ കൂട്ടത്തിൽ ഞാൻ എന്നെ എണ്ണുകയില്ല.'

സ്വഹാബിമാർ ആരും അവിടുത്തെ വഫാത്തിന് ശേഷം നബിﷺയെ കണ്ടിട്ടില്ലല്ലോ. അവരാരും അതിന്റെ പേരിൽ ഞാൻ മുസ്‌ലിമല്ല എന്ന് പറഞ്ഞിട്ടുമില്ല. പിഴച്ച ഓരോ വിശ്വാസങ്ങൾ!

ഔലിയാക്കളിൽ ചിലർ ഒരു പണ്ഡിതന്റെ സദസ്സിൽ ഹാജരായിരുന്നു. അങ്ങനെ ആ പണ്ഡിതൻ ഒരു ഹദീഥ് ഉദ്ധരിച്ചു. അപ്പോൾ അയാളോട് കൂട്ടത്തിലെ ഒരു വലിയ്യ് പറഞ്ഞു പോലും; 'ഈ ഹദീഥ് ബാത്വിലാണ്.' അയാൾ ചോദിച്ചു: 'ഇത് ബാത്വിലാണെന്ന് താങ്കൾക്ക് എവിടെ നിന്ന് കിട്ടി?' വലിയ്യ്: 'നിന്റെ തലഭാഗത്ത് നിന്ന് നബിﷺ പറയുന്നു: തീർച്ചയായും ഞാൻ ഈ ഹദീഥ് പറഞ്ഞിട്ടില്ല.'

ശഅ്റാനി പറയുന്നു: "എന്നോട് ശൈഖ് സുലൈമാൻ അൽഖുദൈരി പറഞ്ഞു: ഞാൻ ഖുദൈരിയയിലെ ബാബു ഇമാം ശാഫിഈയുടെ അടുത്ത് ഇരിക്കുകയായിരുന്നു. അപ്പോഴതാ ഒരു സംഘം! വെള്ള വസ്ത്രം ധരിച്ചവരാണ്. അവരുടെ തലയിൽ പ്രകാശത്താൽ മൂടിയിരിക്കുന്നുണ്ട്. അങ്ങനെ അവർ എന്നെ ലക്ഷ്യംവെച്ച് വരികയാണ്. അവർ എന്നെ സമീപിച്ചപ്പോൾ അതിൽ നബിയും സ്വഹാബിമാരും! അപ്പോൾ ഞാൻ നബിയുടെ കൈ ചുംബിച്ചു. അപ്പോൾ നബിﷺ എന്നോട് റൗദയിലേക്ക് നടക്കാൻ പറഞ്ഞു. അങ്ങനെ ഞാൻ നബിയോടൊപ്പം ജലാലുദ്ദീന്റെ (സുയൂത്വി) വീട്ടിലേക്ക് പോയി. അങ്ങനെ അദ്ദേഹം നബിയുടെ അടുത്തേക്ക് വന്നു. നബിയുടെ കൈ ചുംബിക്കുകയും സ്വഹാബിമാരോട് സലാം പറയുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ വീട്ടിൽ കയറി. അദ്ദേഹം നബിയുടെ മുമ്പിൽ ഇരുന്നു. അങ്ങനെ ശൈഖ് ജലാലുദ്ദീൻ നബിﷺയോട് ചില ഹദീഥുകളെ പറ്റി ചോദിക്കുന്നു. നബിﷺ പറഞ്ഞു: 'ഓ, സുന്നത്തിന്റെ ശൈഖേ, ചോദിച്ചോളൂ...'"



ശഅ്റാനി പറയുന്നു: 'അദ്ദേഹം (സുയൂത്വി) പറയാറുണ്ടായിരുന്നു: ഞാൻ ഉണർച്ചയിൽ നബിﷺയെ കാണാറുണ്ടായിരുന്നു. അങ്ങനെ എന്നോട് നബിﷺ പറഞ്ഞു: ഓ, ഹദീഥ് പണ്ഡിതാ!' അപ്പോൾ ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഞാൻ സ്വർഗക്കാരിൽ പെട്ടവനാണോ?' അപ്പോൾ നബിﷺ പറഞ്ഞു: 'അതെ.' അപ്പോൾ ഞാൻ ചോദിച്ചു: 'ശിക്ഷ കൂടാതെ ഞാൻ മുൻകടക്കുമോ?' അപ്പോൾ നബിﷺ പറഞ്ഞു: 'താങ്കൾക്ക് അതു തന്നെയാണ് ഉള്ളത്.'

ശഅ്റാനി പറയുന്നു: 'അവർ (അഥവാ, ഇവരുടെ സൂഫീ പണ്ഡിതർ) നബിﷺയുടെ ക്വബ്റിൽ അദ്ദേഹത്തിനു പിന്നിലായി അഞ്ചുനേരം നമസ്കരിക്കുന്നവരാകുന്നു. തശഹ്ഹുദിൽ നബിയോട് സലാം പറയുന്നതിന് നബിﷺ മറുപടി നൽകുന്നത് അവർ കേൾക്കുന്നുണ്ട്.'

ഇത്തരം പിഴച്ച വിശ്വാസം പേറിയാണ് നമ്മുടെ നാടുകളിലെ പല ത്വരീക്വത്തിന്റെ കക്ഷികളും ജീവിച്ചുകൊണ്ടിരിക്കുന്നത്. യൂസുഫുന്നബ്ഹാനിയും അബ്ദുൽ വഹ്ഹാബ് അശ്ശിഅ്റാനിയും രചിച്ചിട്ടുള്ള അവരുടെ 'കറാമാത്തുൽ ഔലിയാഅ്' എന്ന പുസ്തകത്തിലും 'ത്വബക്വാത്തുൽ ഔലിയാഅ്' എന്ന പുസ്തകത്തിലും ഇത്തരം അനവധി കള്ളത്തരങ്ങൾ എഴുതിവെച്ചിട്ടുണ്ട്. നബിﷺയും സ്വഹാബത്തും കാണിച്ചുതന്ന മാർഗത്തെ കുറിച്ച് പ്രബോധനം നടത്തുന്ന സലഫികളെ പുത്തൻ വാദികളെന്ന് സ്റ്റേജിലൂടെയും പേജുകളിലൂടെയും ആരോപിക്കുമ്പോൾ ആരാണ് പുത്തൻ വാദികൾ എന്ന് മുകളിൽ കണ്ട കള്ള വാർത്തകളിൽ നിന്ന് മനസ്സിലാക്കാം. എന്നാൽ എന്താണ് സുന്നത്ത് ജമാഅത്തിന്റെ ഈ വിഷയത്തിലുള്ള നിലപാട് എന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്.




സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി

# മോഷ്ടിക്കപ്പെടുന്ന മുസ്‌ലിം ആനുകൂല്യങ്ങൾ

**മുസ്‌ലിം ന്യൂനപക്ഷങ്ങൾക്ക് വേണ്ടി സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആനുകൂല്യങ്ങൾ കേരളത്തിൽ അട്ടിമറിക്കപ്പെടുകയാണ്. കേരള സർക്കാർ 2008 മുതൽ നടപ്പാക്കി വന്ന മുസ്‌ലിം ക്ഷേമ പദ്ധതികളാണ് ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുന്നത്. മുസ്‌ലിം വിദ്യാർഥികൾക്ക് മാത്രമായി നടപ്പാക്കാനുദ്ദേശിച്ച ക്ഷേമ പദ്ധതി വകമാറ്റിയതിലെ അടിസ്ഥാന പ്രശ്നങ്ങളെ വിലയിരുത്തുന്നു.**

ഒട്ടകത്തിന് തലവെക്കാൻ കൂടാരത്തിൽ സ്ഥലം നൽകിയ അറബിയുടെ കഥ അനുസ്മരിപ്പിക്കുകയാണ് പുതിയ ഹൈക്കോടതി വിധി. നൂറുശതമാനവും മുസ്‌ലിം സമുദായത്തിന്റെ സാമൂഹിക പിന്നാക്കാവസ്ഥയെ പരിഹരിക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാർ കൊണ്ടുവന്ന ഒരു മുസ്‌ലിം ക്ഷേമ പദ്ധതി നടപ്പാക്കിയപ്പോൾ അതിൽനിന്നും ഒരു ചെറിയ ഓഹരി (20%)

ഇതര ന്യൂനപക്ഷവിഭാഗങ്ങൾക്കും നൽകാനുള്ള സന്മനസ്സ് കാണിച്ചത് ഇപ്പോൾ വിനയായിരിക്കുകയാണ്. ന്യൂനപക്ഷ വിഭാഗങ്ങളിലെ എല്ലാവിഭാഗങ്ങൾക്കും അവരുടെ ജനസംഖ്യാനുപാതികമായി വീതം വെക്കണമെന്നാണ് വിധി പറയുന്നത്. 'ദൈവമേ, എനിക്ക് നൂറു രൂപ തരേണമേ' എന്ന് കരഞ്ഞു പ്രാർഥിച്ച കുട്ടിയുടെ ദയനീയത കണ്ട് കരളലിവുള്ള ഒരാൾ ഇരുപത് രൂപ ആ കുട്ടിക്ക് നൽകി. അത് വാങ്ങിച്ച് പോക്കറ്റിലിട്ട കുട്ടി 'ദൈവമേ, നീ കൊടുത്തയച്ച നൂറിൽനിന്ന് എൺപത് രൂപ മോഷ്ടിച്ച ഇയാൾക്ക് നീ കനത്ത ശിക്ഷ നൽകേണമേ' എന്ന് പ്രാർഥിച്ച പോലെയായി കാര്യങ്ങൾ. നൂറു ശതമാനം മുസ്‌ലിംകൾക്ക് അവകാശപ്പെട്ട ഒരു അവകാശത്തിൽനിന്ന് ഒരു നിശ്ചിതശതമാനം അനുഭാവപൂർവം നൽകിയപ്പോൾ അതുപോരാ, ഇനിയും വേണം എന്നു പറഞ്ഞുകൊണ്ട് ഹൈക്കോടതിയുടെ മുമ്പിൽ 'പ്രാർഥനയായി' വന്നിരിക്കുകയാണ്. കോടതി അത് അംഗീകരിച്ചുകൊടുത്തിരിക്കുകയാണ്. ഇക്കാലത്ത് സന്മനസ്സ് കാണിച്ചാലുള്ള അവസ്ഥ ഇങ്ങനെയൊക്കെയാണ് എന്ന പാഠമാണ് വലിയ ഉദാരമതികൾക്ക് കോടതി നൽകിയിട്ടുള്ള പാഠം.

മുസ്‌ലിം പിന്നാക്കാവസ്ഥ പഠിച്ച് അതിനുള്ള പരിഹാരം നിർദേശിച്ച 2006ലെ സച്ചാർ കമ്മിറ്റി നിർദേശങ്ങൾ കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി പാലൊളി മുഹമ്മദ് കുട്ടി ചെയർമാനായി രൂപം കൊണ്ട 2008ലെ പാലൊളി കമ്മിറ്റിയാണ് മുസ്‌ലിം ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവർക്കായി ചില ക്ഷേമപദ്ധതികൾ കൊണ്ടുവന്നത്. നൂറു ശതമാനം മുസ്‌ലിംകൾക്ക് മാത്രമായി നൽകേണ്ട ഈ പദ്ധതിയിൽ നിന്ന് 20% പരിവർത്തിത ക്രിസ്ത്യാനികൾ, ലാത്തിൻ കത്തോലിക്കാ എന്നീ വിഭാഗങ്ങൾക്ക് കൂടി നൽകാൻ തീരുമാനിക്കപ്പെടുകയായിരുന്നു. എന്നാൽ ഇത് വിവേചനമാണെന്നും മുസ്‌ലിംകൾക്ക് മാത്രമായി മറ്റുള്ളവരെക്കാൾ കൂടുതൽ നൽകുന്നത് ഭരണഘടനാതത്ത്വങ്ങൾക്ക് എതിരാണെന്നും ചൂണ്ടിക്കാട്ടി പാലക്കാട് സ്വദേശി ജസ്റ്റിൻ പള്ളിവാതുക്കൽ നൽകിയ പരാതിയിലാണ് ഇപ്പോൾ നിലവിലുള്ള 80:20 അനുപാതം റദ്ദ്ചെയ്തുകൊണ്ട് ഹൈക്കോടതി വിധിപറഞ്ഞിരിക്കുന്നത്. വിധിക്കെതിരെ അപ്പീൽ പോകുമെന്ന് മുസ്‌ലിം സംഘടനകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

വന്ന വെള്ളം നിന്ന വെള്ളത്തെയും കൊണ്ടുപോയി എന്നു പറഞ്ഞപോലെ മുസ്‌ലിം ന്യൂനപക്ഷത്തിന് ഇതുവരെ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ അവർക്ക് നഷ്ടപ്പെടുകയും അർഹരല്ലാത്തവർക്ക് അത് ലഭിക്കുകയും ചെയ്യുന്ന സാഹചര്യമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. കേരളത്തിലെ ന്യൂനപക്ഷ ക്ഷേമ നിധിയുടെ രൂപീകരണവും പാലൊളി കമ്മിറ്റിയുടെ സാഹചര്യവും അതിലേക്ക് വഴിതെളിയിച്ച സച്ചാർ കമ്മിറ്റിയുടെ ഉദ്ദേശ്യവും നമ്മുടെ ഹൈക്കോടതിക്ക് മനസ്സിലാകാതെ വന്നത് വളരെ ആശ്ചര്യകരമാണ്. കോടതിക്ക് മുമ്പിൽ സർക്കാർ എന്ത് വിശദീകരണമാണ് നൽകിയത് എന്നും അന്വേഷിക്കേണ്ടതുണ്ട്. പാലൊളി കമ്മിറ്റി രൂപീകരിച്ച ഇടതുസർക്കാർ തന്നെയാണ് കഴിഞ്ഞ അഞ്ചു വർഷവും ഭരിച്ചത്. ഇപ്പോൾ ഭരിക്കുന്നതും അവർ തന്നെ. മുസ്‌ലിം ക്ഷേമനിധി ഉണ്ടായ സാഹചര്യവും തുടർന്ന് അതിന്റെ അനുപാതം നിശ്ചയിച്ച കാരണങ്ങളുമെല്ലാം ഏറ്റവും നന്നായി അറിയാവുന്ന സർക്കാരാണ് കോടതിയിൽ വിശദീകരണം നൽകിയിട്ടുള്ളത്. എന്നിട്ടും എന്തുകൊണ്ട് നിലവിൽ മുസ്‌ലിം സമുദായത്തിൽപെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് കൊണ്ടുവരാൻ വേണ്ടി കൊണ്ടുവന്ന ഇത്തരം പദ്ധതികളുടെ യാഥാർഥ്യം കോടതിക്ക് വ്യക്തമാക്കാതെ പോകുന്നു എന്നകാര്യം വളരെയധികം ആശങ്കാജനകമാണ്!

> **പാലൊളി കമ്മിറ്റിയുടെ പഠനറിപ്പോർട്ടിൽ മുസ്‌ലിം സമുദായത്തിൽ 25 വയസ്സ് വരെ പ്രായമുള്ളവരിൽ 14 ശതമാനം മാത്രമാണ് വിദ്യാഭ്യാസം നേടിയത് എന്നാണ്. അതേസമയം ഇത് ക്രിസ്ത്യൻ സമുദായത്തിൽ 35 ശതമാനമാണ്. ക്രിസ്ത്യാനികളിൽ 34 ശതമാനം തൊഴിൽ നേടിയപ്പോൾ മുസ്‌ലിംകൾ 23 ശതമാനം മാത്രമാണ് തൊഴിൽ കരസ്ഥമാക്കിയിട്ടുള്ളത്. മുസ്‌ലിംകളിൽ 29 ശതമാനത്തോളം ദാരിദ്ര്യത്തിലാണെങ്കിൽ ക്രിസ്ത്യാനികളിൽ 4 ശതമാനം മാത്രമാണ് ദാരിദ്ര്യരേഖയിലുള്ളത്. പല മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലും ആവശ്യത്തിന് വിദ്യാഭ്യാസ സ്ഥാപനം ഇല്ലെന്നും 26 ശതമാനത്തോളം മുസ്‌ലിംകൾ ഉണ്ടായിട്ടും സർക്കാർ സർവീസിൽ 11 ശതമാനം മാത്രമാണ് പ്രാതിനിധ്യമെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.**


## മുസ്‌ലിം സമുദായവും ഉദ്യോഗ പ്രാതിനിധ്യവും

രാജ്യത്തെ എല്ലാ ജനവിഭാഗങ്ങൾക്കും ഭരണരംഗത്തും ഉദ്യോഗരംഗത്തും വിദ്യാഭ്യാസരംഗത്തുമെല്ലാം പങ്കാളിത്തമുണ്ടാവണമെന്ന കാഴ്ചപാടായിരുന്നു രാഷ്ട്രശിൽപികൾക്കുണ്ടായിരുന്നത്. എന്നാൽ പല സമുദായങ്ങളുടെയും പ്രാതിനിധ്യം നാമമാത്രമായിരുന്നു. ഭരണഘടനാ നിർമാണസഭയിൽ 'ന്യൂനപക്ഷ കമ്മിറ്റി' എന്ന ഒരു കമ്മിറ്റി തന്നെ ഉണ്ടായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അവതരിപ്പിച്ച ഒബ്ജക്ടീവ് റെസലൂഷന്റെ ആറാം ഖണ്ഡത്തിൽ പിന്നാക്കവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പ്രത്യേകമായി കൊണ്ടുവന്നിരുന്നു. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ഭരണഘടനയിൽ ന്യൂനപക്ഷങ്ങൾക്കും പിന്നാക്കവിഭാഗങ്ങൾക്കും ചില അവകാശങ്ങൾ പ്രത്യേകം എഴുതിച്ചേർത്തത്. ഭരണഘടനാ നിർമാണ സഭയിൽ ന്യൂനപക്ഷങ്ങൾ, അവശവിഭാഗങ്ങൾ, അധഃകൃത വിഭാഗങ്ങൾ എന്നിങ്ങനെയുള്ള വിഭാഗങ്ങളെ മുഴുവൻ 'വർഗങ്ങൾ' (Classes)എന്ന ഒറ്റപ്പദത്തിലൊതുക്കിയാണ് ഭരണഘടനയുടെ 16(4),15(4) എന്നീ അനുച്ഛേദങ്ങൾ ഉണ്ടായിട്ടുള്ളത്.

രാജ്യത്ത് ഒരുവിഭാഗവും പിന്നാക്കം പോവാൻ പാടുള്ളതല്ല എന്നതാണ് ഭരണഘടനയുടെ കാഴ്ചപ്പാട്. അതിന്റെ അടിസ്ഥാനത്തിലാണ് സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി പ്രത്യേകം സംവരണവും മറ്റു പദ്ധതികളും നടപ്പിലാക്കാൻ കമ്മീഷനുകളെ നിയമിക്കണമെന്ന് ഭരണഘടനയുടെ അനുച്ഛേദം 340ൽ വളരെ വ്യക്തമായി എഴുതിവെച്ചത്. കേന്ദ്രത്തിന് മാത്രമല്ല സംസ്ഥാന സർക്കാറുകൾക്കും കമ്മീഷനുകളെ നിയമിച്ച് വസ്തുതകൾ മനസ്സിലാക്കി, പിന്നാക്കം നിൽക്കുന്ന സമൂഹങ്ങളെ കണ്ടെത്തി അവരെ ഉയർത്തിക്കൊണ്ടുവരാനുള്ള പദ്ധതികൾ കൊണ്ടുവരണമെന്ന് പ്രസ്തുത അനുച്ഛേദം വ്യക്തമാക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് 1953ൽ ആദ്യമായി 'കാക്ക കലേൽക്കർ കമ്മീഷൻ' ഉണ്ടായത്. തുടർന്ന് മണ്ഡൽ കമ്മീഷൻ (1979), ഡോ: ഗോപാൽ സിംഗ് കമ്മീഷൻ (1980), ബാബു വിജയനാഥ് കമ്മീഷൻ (1982), ജസ്റ്റിസ് രാംനന്ദൻ കമ്മിറ്റി (1993), ജസ്റ്റിസ് രംഗനാഥമിശ്ര കമ്മീഷൻ (2004), ജസ്റ്റിസ് സച്ചാർ കമ്മിറ്റി (2006) തുടങ്ങിയ കേന്ദ്ര കമ്മീഷനുകളും കമ്മിറ്റികളും ഉണ്ടായത് ഭരണഘടനയുടെ അനുച്ഛേദം 340 അനുസരിച്ചാണ്. കേരളത്തിൽ ഭരണപരിഷ്കാര കമ്മിറ്റി (1958), കെ.കെ വിശ്വനാഥൻ കമ്മിറ്റി (1963), കുമാരപിള്ള കമ്മീഷൻ (1965), നെട്ടൂർ കമ്മീഷൻ (1970), നാരായണ പിള്ള കമ്മീഷൻ (1985), ജോസഫ് ഹൈലെവൽ കമ്മിറ്റി (1996), നരേന്ദ്രൻ കമ്മീഷൻ (2001), പാലൊളി കമ്മിറ്റി (2008) തുടങ്ങിയ കമ്മീഷനുകളും ഉണ്ടായത് ഭരണഘടനാനുസൃതമാണ്. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും നിയമപരമായ അധികാരം നൽകിയിട്ടുള്ള സമിതികളാണിവ.

## പശ്ചാത്തലം മനസ്സിലാക്കാതെയുള്ള വിധി

ഓരോവിഭാഗത്തിന്റെയും ജനസംഖ്യക്ക് ആനുപാതികമായിട്ടുള്ള എണ്ണം ഉദ്യോഗങ്ങളിലും വിദ്യാഭ്യാസ രംഗത്തും ഉണ്ടോ എന്ന് പരിശോധിക്കുകയും ഇല്ലെങ്കിൽ ആവശ്യമായ നിർദേശങ്ങൾ മുമ്പോട്ട് വെക്കുകയും ചെയ്യുക എന്ന ധർമമാണ് കമ്മീഷനുകൾ നിർവഹിക്കുന്നത്. ജനസംഖ്യാനുപാതം എന്നുവെച്ചാൽ വിവിധ വിഭാഗങ്ങൾക്കിടയിലുള്ള ഒരു വീതംവെപ്പല്ല അത്. മറിച്ച് ഓരോ വിഭാഗത്തിന്റെയും ജനസംഖ്യക്ക് അനുസരിച്ചുള്ള അനുപാതം ഉദ്യോഗരംഗങ്ങളിൽ ഇല്ലെങ്കിൽ അതാത് വിഭാഗങ്ങൾക്ക് ഉദ്യോഗരംഗങ്ങളിലേക്ക് എത്തുവാനുള്ള മാർഗം ഉണ്ടാക്കുക എന്നതാണ്. ഉദാഹരണത്തിന് ക്രിസ്ത്യൻ വിഭാഗങ്ങളിൽനിന്ന് ജനസംഖ്യാനുപാതത്തിന് അനുസരിച്ചുള്ള എണ്ണം


കേരള സർക്കാർ
സംഗ്രഹം

ന്യൂനപക്ഷ ക്ഷേമം - പാലൊളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ - വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ ലത്തീൻ ക്രിസ്ത്യാനികൾ, പരിവർത്തിത ക്രിസ്ത്യാനികൾ എന്നിവർക്ക് കൂടി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്

സ.ഉ.(കൈ)നം.57/2011/പൊഭവ — തിരുവനന്തപുരം, തീയതി:22.2.2011

പരാമർശം - 1) 16.8.2008-ലെ സ.ഉ (കൈ) നം.278/2008/പൊഭവ.
2) 6.11.2008-ലെ സ.ഉ (കൈ) നം.355/2008/പൊഭവ.
3) 2.6.2009-ലെ സ.ഉ.(കൈ) നം.125/2009/പൊഭവ.
4) 3.7.2009 -ലെ സ.ഉ. (കൈ) നം.155/2009/പൊഭവ.
5) 31.7.2009 -ലെ സ.ഉ.(കൈ)നം. 183/2009/പൊഭവ.
6) 19.12.09 -ലെ സ.ഉ. (കൈ) നം. 278/2009/പൊഭവ.

ഉത്തരവ്

പാലൊളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശയുടെ അടിസ്ഥാനത്തിൽ ബിരുദ/ബിരുദാനന്തര/ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുമെന്ന് പരാമർശം ഒന്ന് പ്രകാരം സർക്കാർ വ്യക്തമാക്കിയിരുന്നു. പരാമർശം രണ്ട് പ്രകാരം ഇതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും, തുടർന്ന് പരാമർശം 3, 4, 5, 6 എന്നിവ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുകയും ചെയ്തു. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന ഈ പദ്ധതി അർഹരായ മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കൂടി ബാധകമാക്കണമെന്ന് വിവിധ ന്യൂനപക്ഷ വിഭാഗങ്ങളും ജനപ്രതിനിധികളും സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും പാലൊളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ പ്രകാരം മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ ലത്തീൻ ക്രിസ്ത്യാനികൾ, പരിവർത്തിത ക്രിസ്ത്യാനികൾ എന്നിവർക്ക് കൂടി അനുവദിച്ച് ഉത്തരവാകുകയും ചെയ്യുന്നു. മുസ്ലീം വിദ്യാർത്ഥിനികൾക്ക് ടി സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നതിൽ തുടർന്നു വരുന്ന എല്ലാ മാനദണ്ഡങ്ങളും ഇവർക്കും ബാധകമായിരിക്കുന്നതാണ്.

3. മുസ്ലീം വിദ്യാർത്ഥിനികൾക്ക് നല്കി വരുന്ന സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവയുടെ ആകെ എണ്ണത്തിന്റെ ഇരുപത് ശതമാനമാണ് ലത്തീൻ/ പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥിനികൾക്കു അനുവദിക്കപ്പെടുന്നത്. ഓരോ വർഷവും പുതുതായി മുസ്ലീം വിദ്യാർത്ഥിനികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവയുടെ എണ്ണം യഥാക്രമം 5000, 2000 ആയി തുടരുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

മനോജ് ജോഷി,
സെക്രട്ടറി.

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം.

ഇല്ലെന്നുവരികയും മുസ്‌ലിം വിഭാഗത്തിന്റെ എണ്ണം കൂടുതലാണെന്നുവരികയും ചെയ്യുമ്പോൾ ക്രിസ്ത്യൻ വിഭാഗത്തിന്റെ എണ്ണക്കുറവ് പരിഹരിക്കാനുള്ള പദ്ധതികൾ കൊണ്ടുവരികയാണ് വേണ്ടത് എന്നർഥം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്നുള്ള നടപടിയാണ് പാലൊളി കമ്മിറ്റി വഴി കേരളത്തിൽ നടന്നത് എന്നതാണ് ഇപ്പോഴത്തെ വിവാദത്തിന്റെ പശ്ചാത്തലം. ഈ പശ്ചാത്തലം പരിശോധിക്കാതെയുള്ള കേരള ഹൈക്കോടതിയുടെ ഇപ്പോഴത്തെ വിധിയുടെ മാനദണ്ഡം സാമുദായികമായ വീതംവെപ്പാണ്. അത് ഭരണഘടനയുടെ അനുച്ഛേദം 340ന്റെ അന്തസ്സത്തക്ക് നിരക്കുന്നതല്ല.

### സച്ചാർ കമ്മറ്റിയും പശ്ചാത്തലവും

രാജ്യത്ത് മുസ്‌ലിം സമുദായം വളരെയേറെ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ അവരുടെ പ്രശ്നങ്ങൾ യാഥാർഥ്യബോധത്തോടെ പഠിക്കുന്നതിന് വേണ്ടിയാണ് 2005 മാർച്ച് ഒമ്പതിന് അന്നത്തെ പ്രധാനമന്ത്രി മൻമോഹൻ സിംഗ്, ജസ്റ്റിസ് രജീന്ദർ സച്ചാർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചത്. ബാബരി മസ്ജിദ് ധ്വംസനവും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്‌ലിം സമുദായം വേട്ടയാടപ്പെട്ടതുമെല്ലാം രാജ്യത്തിന്റെ മതേതര മനസ്സുകളിൽ വലിയ പ്രയാസം ഉളവാക്കിയിരുന്നു. മുസ്‌ലിംകളുടെ സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ, തൊഴിൽ അവസ്ഥയെക്കുറിച്ചുള്ള പഠനമായിരുന്നു കമ്മിറ്റിയിൽ അർപ്പിതമായ കർത്തവ്യം.

### മുസ്‌ലിംകൾക്ക് മാത്രമായി കമ്മീഷനോ?

ഒരു പ്രത്യേക മതവിഭാഗത്തിനു വേണ്ടി മാത്രമായി ഇങ്ങനെയൊരു പഠനം നടത്താൻ ഭരണഘടന അനുവദിക്കുന്നുണ്ടോ എന്ന് പലരും ചോദിക്കാറുണ്ട്. ഭരണഘടനയും ഭരണഘടനാ നിർമാണവേളകളിലെ ചർച്ചകളും പരിശോധിച്ചാൽ ഇതിനുള്ള ഉത്തരം വളരെ ലളിതമായി കണ്ടെത്താവുന്നതേയുള്ളൂ. നേരത്തെ സൂചിപ്പിച്ചപോലെ ഭരണഘടനയിലെ 'വർഗങ്ങൾ' (Classes) എന്ന പ്രയോഗത്തിൽ ന്യൂനപക്ഷം, പിന്നാക്കം, അവശവിഭാഗം, അധഃകൃതർ എന്നീ വിഭാഗങ്ങളെല്ലാം ഉൾപ്പെടുമെന്ന് ഭരണഘടനാ നിർമാണവേളയിൽ തന്നെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കോൺസ്റ്റിറ്റുവെന്റ് അസംബ്ലിയിൽ സർദാർ ഉജ്ജ്വൽ സിംഗിന്റെ ശക്തമായ ന്യായവാദങ്ങൾക്കൊടുവിൽ ന്യൂനപക്ഷങ്ങൾ, അവശവിഭാഗങ്ങൾ, അധഃകൃത വിഭാഗങ്ങൾ എന്നിങ്ങനെ ഭരണഘടനയിൽ എഴുതിച്ചേർത്തിരുന്നു. എന്നാൽ ഒരുപാട് പദങ്ങൾ ഉപയോഗിക്കുന്നതിന് പകരം അവയെയെല്ലാം 'വർഗം' (Class) എന്ന ഒരു പദത്തിൽ ചുരുക്കിയാൽ മതി എന്ന സർദാർ കെ.എം. പണിക്കരുടെ നിർദേശം അംഗീകരിക്കപ്പെടുകയായിരുന്നു. മതം, വർഗം, ജാതി, വർണം, ലിംഗം, ജനനസ്ഥലം, വാസസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ ഒ

> **Article 16(4)**
>
> • Nothing in this article shall prevent the State/ from making any provision/ for the reservation of appointments or posts/ in favour of **any backward class of citizens/** which, in the opinion of the state/ is **not adequately represented in the services under the state.**

രു വിവേചനവും പാടില്ലെന്ന് (അനുച്ഛേദം 16.2) ഭരണഘടന അനുശാസിക്കുമ്പോൾ, അങ്ങനെയുള്ള വിവേചനങ്ങൾ നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ അനുച്ഛേദം 340 അനുസരിച്ച് സർക്കാറുകൾക്ക് ഭരണഘടന നിർദേശം നൽകുന്നുമുണ്ട്. ഇങ്ങനെ ഭരണഘടന നൽകുന്ന അവകാശത്തിന്റെ അടിസ്ഥാനത്തിൽതന്നെയാണ് സച്ചാർ കമ്മിറ്റി നിയോഗിക്കപ്പെട്ടത്.

### എല്ലാ മതന്യൂനപക്ഷങ്ങളെ കുറിച്ചും പഠനമുണ്ടായിട്ടുണ്ട്

ന്യൂനപക്ഷങ്ങൾ എന്ന പരിധിയിൽ മുസ്‌ലിംകൾ മാത്രമല്ല, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാർസി തുടങ്ങിയവരെല്ലാം വരുമെന്നിരിക്കെ അത്തരം പഠനങ്ങളും നടക്കേണ്ടതില്ലേ എന്ന ചോദ്യം പ്രസക്തമാണ്. അങ്ങനെയുള്ള പഠനങ്ങളും നടന്നിട്ടുണ്ട്. 1980ലെ ഡോ. ഗോപാൽ സിംഗ് കമ്മീഷൻ അത്തരത്തിലുള്ള ഒന്നാണ്. എല്ലാ ന്യൂനപക്ഷ മതവിഭാഗങ്ങളെക്കുറിച്ചും പഠനം നടത്തിയ ഗോപാൽ സിംഗ് കമ്മീഷന്റെ കണ്ടെത്തൽ രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷ മതവിഭാഗമായ മുസ്‌ലിംകളുടെ അവസ്ഥകളെക്കുറിച്ച് പ്രത്യേകം പഠനം നടത്തണം എന്നതിലേക്കാണ് സൂചന നൽകിയത്. ഗോപാൽ സിംഗ് റിപ്പോർട്ടിൽ ഇങ്ങനെ കാണാം: 'കേന്ദ്രഗവർമെന്റിന്റെയും സംസ്ഥാന ഗവർമെന്റുകളുടെയും സർവീസിൽ ന്യൂനപക്ഷ സമുദായങ്ങൾക്ക് ലഭിച്ചിട്ടുള്ള പ്രാതിനിധ്യം രാജ്യത്തെ ഓരോ ന്യൂനപക്ഷത്തിനും വ്യത്യസ്ത രൂപത്തിലാണ്. സിക്കുകാർക്കും ക്രൈസ്തവർക്കും പാഴ്സികൾക്കും ഏറെക്കുറെ എല്ലാ സർവീസുകളിലും മതി

യായ പ്രാതിനിധ്യം കിട്ടിയിട്ടുള്ളപ്പോൾ മുസ്‌ലിംകൾക്കും ബുദ്ധമതക്കാർക്കും കേന്ദ്ര, സംസ്ഥാന ഗവർമെന്റ് സർവീസുകളിലും സ്വകാര്യമേഖലയിലും വളരെ കുറഞ്ഞ പ്രാതിനിധ്യമേ ഉള്ളൂ എന്ന് പാനലിന് കാണാൻ കഴിഞ്ഞു. അതുകൊണ്ട് ഈ സമുദായങ്ങൾക്ക്, പ്രത്യേകിച്ച് വിദ്യാഭ്യാസത്തിൽ വളരെ പിന്നണിയിൽ നിൽക്കുന്ന മുസ്‌ലിംകൾക്ക് വിദ്യാഭ്യാസത്തിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകിക്കൊണ്ട് ഈ പ്രശ്നത്തിന് ഒരു ദീർഘകാല പരിഹാരം കണ്ടെത്തേണ്ടതാണ്' (അവലംബം: ഗോപാൽ സിംഗ് റിപ്പോർട്ട്, സംവരണം: ചരിത്രവും പോരാട്ടവും, അബ്ബാസ് സേട്ട്, പേജ് 169).

## മുസ്‌ലിം സമുദായത്തിന്റെ ദുരവസ്ഥ

1980ൽ തന്നെ ഇങ്ങനെയൊരു റിപ്പോർട്ട് വന്നിട്ടും മറ്റു ന്യൂനപക്ഷങ്ങളെക്കാൾ വളരെ പിന്നാക്കം നിൽക്കുന്ന മുസ്‌ലിംകൾക്ക് വേണ്ടി ഒരു പഠനമോ പദ്ധതിയോ കൊണ്ടുവരാൻ സർക്കാറുകൾക്ക് കഴിഞ്ഞില്ല. അതോടൊപ്പം അവർക്ക് ലഭ്യമായിരുന്ന പല സംവരണാനുകൂല്യങ്ങളും വരേണ്യ വർഗത്തിന്റെ ഭീഷണികളെ ഭയന്ന് സർക്കാറുകൾ നടപ്പാക്കിയതുമില്ല. ഇന്ദിരാ ഗാന്ധി സർക്കാർ നിയോഗിച്ച ഗോപാൽ സിംഗ് കമ്മീഷന്റെ റിപ്പോർട്ടുകൾ ചിതലരിച്ച് 25 വർഷങ്ങൾക്ക് ശേഷമാണ് മൻമോഹൻ സിംഗ് സർക്കാർ സച്ചാർ കമ്മിറ്റിയെ നിയോഗിക്കുന്നത്. അപ്പോഴേക്കും മുസ്‌ലിം സമുദായത്തിന്റെ അവസ്ഥ എന്തായിക്കാണുമെന്ന് ഊഹിക്കാവുന്നതാണ്.

സച്ചാർ കമ്മിറ്റി റിപ്പോർട്ട് 2006 നവംബർ 30നാണ് സമർപ്പിച്ചത്. ജനസംഖ്യാനുപാതികമായി ഇന്ത്യയിലെ ഒരു സംസ്ഥാനത്തും സർക്കാർ വകുപ്പുകളിൽ മുസ്‌ലിം പ്രാതിനിധ്യമില്ല എന്ന് കമ്മിറ്റി കണ്ടെത്തി. പോലീസ് 6, ആരോഗ്യവകുപ്പ് 4.4, ഗതാഗതം 6.5, റെയിൽവേ 4.5 എന്നിങ്ങനെ എല്ലാ സർക്കാർ മേഖലയിലും മുസ്‌ലിം സമുദായത്തിന്റെ ശതമാനം വളരെ തുച്ഛമാണെന്ന് കമ്മീഷൻ കണ്ടെത്തി. 25.2% മുസ്‌ലിംകളുള്ള ബംഗാളിൽ കേവലം 2 ശതമാനം മാത്രമാണ് സർക്കാർ സർവീസിൽ. വലിയ വിദ്യാഭ്യാസവും രാഷ്ട്രീയ ബോധവുമുള്ള കേരളത്തിൽ 24.7 ശതമാനം മുസ്‌ലിംകളുണ്ടെങ്കിൽ 10.4 ശതമാനം മാത്രമാണ് സർക്കാർ ഉദ്യോഗങ്ങളിൽ ഉള്ളവർ. (കണക്കുകൾ സച്ചാർ കമ്മിറ്റിയുടെ കാലത്തുള്ളത്). ഉദ്യോഗം മാത്രമല്ല, വിദ്യാഭ്യാസം, പാർപ്പിടം, ജീവിത നിലവാരം തുടങ്ങി സർവ മേഖലയിലും ഉയരാൻ സാധിക്കാത്ത വിധം മുസ്‌ലിം സമുദായം അടിച്ചമർത്തപ്പെട്ടിട്ടുണ്ട് എന്നാണ് സച്ചാർ കണ്ടെത്തിയത്.

## സച്ചാർ റിപ്പോർട്ടും കേരളവും

സച്ചാർ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങൾ വിവിധ രൂപത്തിലാണ് പ്രതികരിച്ചത്. കേരളം ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങൾ ഇത് നടപ്പാക്കുന്നതിനെ അനുകൂലിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ മുൻ മന്ത്രിയും പ്രമുഖ സിപിഎം നേതാവുമായ പാലൊളി മുഹമ്മദ് കുട്ടി അധ്യക്ഷനായ പാലൊളി കമ്മിറ്റി രൂപം കൊണ്ടത്. ടി.കെ ഹംസ, കെ.ഇ ഇസ്മയിൽ, എ.എ അസീസ്, കെ.ടി ജലീൽ, ടി.കെ വിൽസൺ, ഫസൽ ഗഫൂർ, ഒ. അബ്ദുറഹ്മാൻ, ഹുസൈൻ രണ്ടത്താണി, സി അഹ്മദ് കുഞ്ഞ്, കടക്കൽ അബ്ദുൽ അസീസ് മൗലവി എന്നിവരായിരുന്നു അംഗങ്ങൾ. കേരളത്തിലെ പ്രമുഖ മുസ്‌ലിം സംഘടനകളായ സമസ്ത, മുജാഹിദ്, മുസ്‌ലിം ലീഗ് പ്രതിനിധികൾ കമ്മിറ്റിയിൽ ഉണ്ടായിരുന്നില്ല.

പാലൊളി കമ്മിറ്റിയുടെ പഠനറിപ്പോർട്ടിൽ മുസ്‌ലിം സമുദായത്തിൽ 25 വയസ്സ് വരെ പ്രായമുള്ളവരിൽ 14 ശതമാനം മാത്രമാണ് വിദ്യാഭ്യാസം നേടിയത് എന്നാണ്. അതേസമയം ഇത് ക്രിസ്ത്യൻ സമുദായത്തിൽ 35 ശതമാനമാണ്. ക്രിസ്ത്യാനികളിൽ 34 ശതമാനം തൊഴിൽ നേടിയപ്പോൾ മുസ്‌ലിംകൾ 23 ശതമാനം മാത്രമാണ് തൊഴിൽ കരസ്ഥമാക്കിയിട്ടുള്ളത്. മുസ്‌ലിംകളിൽ 29 ശതമാനത്തോളം ദാരിദ്ര്യത്തിലാണെങ്കിൽ ക്രിസ്ത്യാനികളിൽ 4 ശതമാനം മാത്രമാണ് ദാരിദ്ര്യരേഖയിലുള്ളത്. പല മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലും ആവശ്യത്തിന് വിദ്യാഭ്യാസ സ്ഥാപനം ഇല്ലെന്നും 26 ശതമാനത്തോളം മുസ്‌ലിംകൾ ഉണ്ടായിട്ടും സർക്കാർ സർവീസിൽ 11 ശതമാനം മാത്രമാണ് പ്രാതിനിധ്യമെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

തിരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ സർക്കാർ വകുപ്പുകളിലെ മുസ്‌ലിം ഉദ്യോഗസ്ഥ സ്ഥിതി വിവരം
(ആകെ ജീവനക്കാർ 44,52,851)

| | | വിദ്യാഭ്യാസ വകുപ്പ് | | ആഭ്യന്തര വകുപ്പ് | | ആരോഗ്യവകുപ്പ് | | ഗതാഗത വകുപ്പ് | | മറ്റ് വകുപ്പുകൾ | |
|---|---|---|---|---|---|---|---|---|---|---|---|
| സംസ്ഥാനങ്ങൾ | മുസ്‌ലിം ജനസംഖ്യ | ഉന്നത പദവികൾ | താഴ്ന്ന പദവികൾ | ഉന്നത പദവികൾ | താഴ്ന്ന പദവികൾ | ഉന്നത പദവികൾ | താഴ്ന്ന പദവികൾ | ഉന്നത പദവികൾ | താഴ്ന്ന പദവികൾ | ഉന്നത പദവികൾ | താഴ്ന്ന പദവികൾ |
| പശ്ചിമബംഗാൾ | 25.2 | - | - | 14.1 | 5.1 | 1.3 | 0.9 | - | - | 4.3 | 2.2 |
| കേരളം | 24.7 | 13.0 | 11.7 | 10.8 | 10.7 | 11.2 | 10.2 | 9.4 | 9.2 | 8.9 | 10.5 |
| യു.പി | 18.5 | - | - | 8.1 | 9.9 | 4.3 | 5.6 | 1.9 | 4.9 | 7.6 | 4.8 |
| ബീഹാർ | 16.5 | 14.8 | 11.8 | 5.9 | 7.1 | - | 2.6 | 8.3 | 10.9 | 7.5 | 7.6 |
| ആസാം | 30.9 | - | - | 9.3 | 11.5 | 8.0 | 11.1 | 13.9 | 11.5 | 12.2 | 11.4 |
| ഝാർഖണ്ഡ് | 13.8 | - | - | 5.7 | 7.6 | 6.0 | 3.2 | - | - | 3.7 | 7.8 |
| കർണാടക | 12.2 | 5.0 | 12.4 | 3.6 | 4.2 | 4.7 | 5.0 | 16.8 | 7.0 | 5.1 | 7.3 |
| ഡൽഹി | 11.7 | 5.9 | 7.2 | 1.5 | 2.3 | 1.0 | 1.8 | 1.4 | 1.1 | 0.3 | 0.9 |
| മഹാരാഷ്ട്ര | 10.6 | 2.9 | 4.7 | 4.2 | 4.2 | 2.6 | 3.3 | - | - | 2.2 | 3.9 |
| ഗുജറാത്ത് | 9.1 | 1.7 | 4.5 | 5.6 | 5.6 | 2.2 | 1.5 | 9.4 | 16.3 | - | - |
| തമിഴ്നാട് | 5.6 | 5.8 | 5.3 | 0.0 | 2.6 | 4.6 | 3.3 | 1.0 | 2.6 | 2.9 | 2.1 |
| സംസ്ഥാനങ്ങളുടെ ആകെ തുക | 16.0 | 5.7 | 6.2 | 8.7 | 5.6 | 4.4 | 3.5 | 1.6 | 6.9 | 5.5 | 5.1 |

## മുസ്‌ലിം ക്ഷേമം വഴിമാറിയത് എങ്ങനെ?

സച്ചാർ റിപ്പോർട്ടിൽ പറഞ്ഞ ശിപാർശകൾ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ ഭരണപരിഷ്‌കാരങ്ങൾ എങ്ങനെ വേണമെന്ന് പാലൊളി റിപ്പോർട്ട് തുടങ്ങുന്നത് ഇങ്ങനെയാണ്:

"Constitute a Minortiy Welfare Department. Constitute Minortiy Welfare Cell in the State Secretariat prior to the formation of the Department as part of immediate steps to be taken to redress the Muslim backwardness." (Page 26). 'ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കേണ്ടതുണ്ടെന്നും എന്നാൽ ഈ വകുപ്പ് രൂപീകരിക്കുന്നതിന് മുമ്പായി മുസ്‌ലിം പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി സെക്രട്ടറിയേറ്റിൽ ഒരു ന്യൂനപക്ഷ ക്ഷേമ സെൽ പ്രവർത്തനം തുടങ്ങുകയാണ് വേണ്ടത്.'

ഇങ്ങനെയാണ് കേരളത്തിലെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. മുസ്‌ലിം ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ആരംഭിച്ചത് എന്നർഥം. എന്നാൽ 'ന്യൂനപക്ഷം' എന്ന വാക്ക് ഒരു പൊതുവായ പ്രയോഗമായതിനാൽ അങ്ങനെയൊരു വാക്ക് ഉപയോഗിച്ചതാണ് ഇപ്പോൾ ഉപദ്രവമായിരിക്കുന്നത്. മുസ്‌ലിം ക്ഷേമ പദ്ധതി എന്നോ, മുസ്‌ലിം ഡെവലപ്പ്‌മെന്റ് ഫണ്ട് എന്നോ ഉപയോഗിക്കുന്നതിന് പകരം ന്യൂനപക്ഷ ക്ഷേമം എന്നുപയോഗിച്ചത് ശരിയായില്ല എന്നാണ് മനസ്സിലാകുന്നത്. ന്യൂനപക്ഷ ക്ഷേമം എന്നു പറയുമ്പോൾ അതിൽ മുസ്‌ലിമേതര ന്യൂനപക്ഷങ്ങൾ കൂടി കടന്നുവരും എന്നത് സ്വാഭാവികമാണ്. അന്ന് അധികാരത്തിലിരുന്ന സർക്കാർ ശ്രദ്ധിക്കേണ്ടിയിരുന്ന രണ്ടു പ്രധാന കാര്യങ്ങളുണ്ട്: ഒന്ന്, സച്ചാർ കമ്മിറ്റി ശിപാർശകൾ നടപ്പിൽ വരുത്താൻ മറ്റൊരു കമ്മിറ്റിക്ക് രൂപം കൊടുക്കേണ്ടതില്ല. രണ്ട്, മുസ്‌ലിം ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടി ഒരു ന്യൂനപക്ഷ വകുപ്പ് ഉണ്ടാക്കേണ്ടതുമില്ല.

ഇത്തരം അബദ്ധങ്ങളാണ് ഇപ്പോൾ വിനയായിരിക്കുന്നത്. 80:20 അനുപാതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കാൾ കേരളത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അനുവദിച്ച ക്ഷേമ പദ്ധതികളെല്ലാം മുസ്‌ലിം സമുദായം അടിച്ചുമാറ്റുകയാണ് എന്ന പ്രചാരണമാണ് ഗുരുതരമായ പ്രശ്നം. ഇങ്ങനെയൊരു പ്രചാരണം വളരുവാനുണ്ടായ സാഹചര്യം മുസ്‌ലിം ക്ഷേമപദ്ധതിയെ ന്യൂനപക്ഷമായും സച്ചാർ കമ്മിറ്റിയെ പാലൊളി കമ്മിറ്റിയായും മാറ്റിയതാണ്. അതോടൊപ്പം കാര്യങ്ങൾ വിശദീകരിക്കേണ്ട സർക്കാറിന്റെ കുറ്റകരമായ മൗനവുമാണ്.

**GOVERNMENT OF KERALA**
**Abstract**

Minority Welfare Department – Scholarship scheme for minority students pursuing courses such as Chartered Accountancy (CA), Cost & Works Accountancy (ICWA) and Company Secretaryship (CS) (2014-15) - Administrative Sanction accorded - Orders issued.

14-5-15
1564

GENERAL ADMINISTRATION ( MINORITY WELFARE) DEPARTMENT
**G.O. (Rt.)No.3427/2015/GAD.** **Dated, Thiruvananthapuram, 08.05.2015**

Read: Letter No.1163/Project-I/2015/DMW dated 06.04.15 from the Director, Directorate of Minority Welfare , Thiruvananthapuram.

**ORDER**

The Director, Minority Welfare Department has submitted a proposal as per letter read above, with the aim of providing scholarship to minority students pursuing courses of Chartered Accountancy (CA), Cost & Works Accountancy (ICWA) and Company Secretaryship (CS), which are not much opted courses at present, but having better career opportunities. An amount of Rs.180 lakh has been earmarked under the H/A. 2225-04-277-96 in the current years budget for the scheme.

The selection will be based on merit and income basis having 60% marks in B.Com/other Graduation. Students having annual income below 6 lakh are eligible for scholarship and preference will be given to BPL candidates. The reservation among Muslims and other minority communities is in the ratio 80:20 and 30% of seats will be reserved for girl students.

In case adequate number of students for Final examination have not applied, this will be given to candidates studying for CA/ICWA/CS(Inter). If adequate number of candidates are not available in a district, it will be distributed in other districts in proportion to the number of eligible candidates applied for the benefits in that district. The candidates has to submit the receipt of registration fee and tuition fee paid by them and the fee will be reimbursed to the bank account of the candidates by RTGS mode. The benefit of the scheme will be extended to 500 candidates each undergoing Final and Intermediate courses and 1000 candidates undergoing Foundation course.

The fund allocation of the scheme for total 2000 students is as follows:

| | | |
|---|---|---|
| * Scholarship to the students undergoing coaching for intermediate | = Rs.12,000x500students | = **Rs.60,00,000/-** |
| * Scholarship to the students undergoing coaching for final | =Rs.12000x500students | = **Rs.60,00,000/-** |
| * Foundation Course | =Rs.6000*1000students | = **Rs.60,00,000/-** |
| **Total** | = | **Rs.1,80,00,000/-** |

The Departmental Working Group Meeting held on 23.4.15, considered the proposal and approved the scheme.

In the circumstances Government have examined the proposal in detail and are pleased to accord Administrative Sanction for the Scholarship scheme for minority students pursuing courses of Chartered Accountancy (CA), Cost & Works Accountancy (ICWA) and Company Secretaryship (CS), for an amount of Rs.180 lakh under the H/A. 2225-04-277-96 in the current years budget subject to the following conditions;

1. The scheme shall be implemented subject to the conditions specified in the plan write up 2015-16.
2. Proper follow –up and monitoring regarding placement of students shall be done.

The scholarship will be given to the eligible candidates on merit cum means basis @ Rs.12,000/- for Intermediate course, Rs.12,000/- for Final course and Rs.6000/- for Foundation course of CA/ICWA/CS. The number of scholarship for each course will be fixed in accordance with the number of eligible applications limiting the total amount to the current year's budget allocation (i.e, Rs.180 lakh).

The implementation of the scheme will be monitored by the Directorate of Minority Welfare, and minority section in the district collectorates.

By Order of the Governor,
**K.R. JYOTHILAL,**
**SECRETARY TO GOVT.**

The Director, Minority Welfare Department, Vikas Bhavan, Thiruvananthapuram.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
Stock File/Office Copy.

*Forwarded/By Order,*
*Section Officer.*

## 'മോഷ്ടിക്കുന്നവർ' അറിയാൻ

'മോഷ്ടിക്കാൻ' വരുന്നവന് ഇത് ഒരു മുസ്‌ലിം ക്ഷേമ പദ്ധതി മാത്രമാണ് എന്ന് മനസ്സിലാവാഞ്ഞിട്ടല്ല. മനസ്സിലായിട്ടും മനസ്സിലാകാത്തപോലെ നടിക്കുകയാണ്. സ്വന്തം പാത്രത്തിലെ അവസാനവറ്റും വയറ്റിലാക്കി ഏമ്പക്കം വിട്ടിട്ടും അടുത്തിരിക്കുന്നവന്റെ പാത്രത്തിൽ കൈയിട്ട് വാരുന്നത് എത്രമാത്രം ലജ്ജാകരമാണ്! കേരളത്തിൽ ക്രിസ്ത്യാനികൾക്ക് മാത്രമായിട്ടുള്ള എത്ര പദ്ധതികളുണ്ട്? കേരളത്തിൽ വളരെ സജീവമായി പ്രവർത്തിക്കുന്ന ഒരു പദ്ധതിയാണ് കെ.എസ്.ഡി.സി കേരള

സ്റ്റേറ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നാണ് അതിന്റെ പേര്. എന്നാൽ അതിന്റെ മുഴുവൻ പേര് KSDC for Christian Converts & Recommended Communities എന്നാണ്. പരിവർത്തിത ക്രിസ്ത്യാനികൾക്ക് വേണ്ടി 1980 മുതൽ ഇത് പ്രവർത്തിച്ചുവരുന്നുണ്ട്. എന്തുകൊണ്ട് ഒരു മതവിഭാഗത്തിനു മാത്രം ഇങ്ങനെയൊരു പദ്ധതി എന്ന് ചോദിച്ചുകൊണ്ട് ആരും കടന്നുവന്നിട്ടില്ല. ഭരണഘടനാപരമായി ഒരു വർഗമായി അംഗീകരിക്കപ്പെട്ട ഏതൊരു വിഭാഗത്തിന്റെയും ക്ഷേമത്തിന് വേണ്ടി പദ്ധതികൾ ഉണ്ടാകുന്നതിന് നമ്മുടെ രാജ്യത്ത് ഒരു തടസ്സവുമില്ല.

## മുസ്‌ലിം ക്ഷേമ പദ്ധതികൾക്ക് മാത്രം എന്താണ് പ്രശ്നം?

മുസ്‌ലിം ക്ഷേമപദ്ധതികൾ നടപ്പാക്കുമ്പോൾ മാത്രം കാണുന്ന സാമുദായിക ധ്രുവീകരണ പ്രശ്നങ്ങൾ ഇതര മതവിഭാഗങ്ങളുടെയും പിന്നാക്ക വിഭാഗങ്ങളുടെയും ക്ഷേമപദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്നതായി കണ്ടിട്ടില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ മുസ്‌ലിംകൾക്ക് സംഭവിച്ച നഷ്ടക്കണക്കുകൾ ധാരാളം പറഞ്ഞുതന്നതാണ്. ആ നഷ്ടങ്ങൾ നികത്താൻ വേണ്ടി സർക്കാർ ശ്രമിച്ചപ്പോൾ അതിനെതകിടം മറിക്കാനാണ് 'മതേതരർ' എന്ന് സ്വയം അഭിമാനിക്കുന്ന പലരും ശ്രമിച്ചത്. പരമാവധി സമവായം ആഗ്രഹിച്ചുകൊണ്ട് പലതും വിട്ടുനൽകിയിട്ടുള്ള പാരമ്പര്യമാണ് കേരളത്തിലെ മുസ്‌ലിംകൾക്കുള്ളത്. നാട്ടിൽ സാമുദായിക സൗഹാർദവും സമാധാനവും നിലനിൽക്കേണ്ടതുണ്ട്. അതിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളാണ് മുസ്‌ലിം സമുദായം പുലർത്താറുള്ളത്. ഈ വിട്ടുവീഴ്ച സ്വന്തം അസ്തിത്വത്തെയും അവകാശങ്ങളെയും മറ്റുള്ളവർക്ക് മുമ്പിൽ അടിയറവു പറയാനുള്ളതല്ല. ക്ഷേമ പദ്ധതികൾ ഇല്ലാതാകുമ്പോൾ സമുദായത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന സാധാരണക്കാരായ ആളുകളെയാണ് ബാധിക്കുന്നത്. അവകാശ സംരക്ഷണ കാര്യത്തിൽ മുസ്‌ലിം നേതൃത്വം വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ സ്വീകരിക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു. പണ്ടെങ്ങോ നടന്ന ചില സമരങ്ങളുടെ 'മദ്ഹ്' പാടിയതുകൊണ്ട് ജീവിച്ചിരിക്കുന്ന സമുദായത്തിന്റെ പ്രശ്നം പരിഹരിക്കപ്പെടുകയില്ല.

## 80:20 എങ്ങനെ സംഭവിച്ചു?

ഇപ്പോൾ മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും നടക്കുന്ന ചർച്ച 80:20 അനുപാതത്തിന്റെ പിതൃത്വത്തെ കുറിച്ചാണ്. പരസ്പരം പഴിപറഞ്ഞ് വിഷയത്തിന്റെ മർമത്തിൽനിന്നും കുതറിമാറുന്നത് ഒരു രാഷ്ട്രീയ നേതൃത്വത്തിനും ഉചിതമല്ല. നൂറു ശതമാനം മുസ്‌ലിംകൾക്ക് നൽകേണ്ട ക്ഷേമ പദ്ധതിയിൽ നിന്ന് എങ്ങനെ 20 ശതമാനം ക്രിസ്ത്യാനികൾക്ക് നൽകേണ്ടി വന്നു എന്നതുമായി ബന്ധപ്പെട്ട പരിശോധന ആവശ്യമാണ്. നേരത്തെ സൂചിപ്പിച്ച പോലെ മുസ്‌ലിംകൾക്ക് മാത്രമായി എങ്ങനെ നൽകുമെന്ന 'വിശുദ്ധ' ചോദ്യമാണ് അധികാരികളുടെ പ്രശ്നം. കേരളത്തിലെ ക്രിസ്തീയ സമൂഹം പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിൽ സർക്കാർ അത് പഠിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ക്ഷേമപദ്ധതികൾ കൊണ്ടുവരികയാണ് വേണ്ടത്. അല്ലാതെ മറ്റുള്ളവരുടെ ഊരമേൽ പുര കെട്ടുകയല്ലല്ലോ വേണ്ടത്.

2011ലും 2015ലും വ്യത്യസ്ത സർക്കാറുകളായിരുന്നു ഭരിച്ചിരുന്നത്. രണ്ടുസമയത്തും ഇരുപതു ശതമാനത്തിന്റെ ഓർഡർ ഇറങ്ങിയിട്ടുണ്ട്. ഒരാൾക്കും ഇതിൽനിന്ന് കൈ കഴുകി രക്ഷപ്പെടാൻ സാധിക്കില്ല. മുൻമന്ത്രി കെ.ടി ജലീൽ പറയുന്നത് ഇങ്ങനെയാണ്: 'നൂറു ശതമാനവും മുസ്‌ലിം വിഭാഗത്തിൽനിന്നുള്ള കുട്ടികളായിരുന്നു ആ സെന്ററിൽ പ്രവേശിപ്പിക്കപ്പെടേണ്ടിയിരുന്നതെങ്കിലും കമ്മിറ്റിയുടെ തീരുമാനപ്രകാരം മുസ്‌ലിം കുട്ടികൾക്ക് മാത്രമായി എന്ന നയം വേണ്ട എന്നും 80:20 എന്ന അനുപാതത്തിൽ മുസ്‌ലിം കുട്ടികളെയും മറ്റ് ഇതര ന്യൂനപക്ഷങ്ങളിലെ പിന്നാക്കം നിൽക്കുന്നവരെയും ഇതര ന്യൂനപക്ഷമില്ലാത്തിടത്ത് ഭൂരിപക്ഷ മത സമുദായത്തിലെ പിന്നോക്ക വിഭാഗക്കാരായ കുട്ടികളെയും പ്രവേശിപ്പിക്കാമെന്ന് കമ്മിറ്റി തീരുമാനിച്ചത്. ഒരു സ്ഥാപനത്തിൽ മുസ്‌ലിം കുട്ടികൾ മാത്രം പഠിക്കുന്നതിന് പകരം മൾട്ടി റിലീജിയസായിട്ടുള്ള ഒരു ക്ലാസ്റൂമാണ് ആവശ്യമെന്ന് എല്ലാ അംഗങ്ങളും അഭിപ്രായപ്പെടുകയും കമ്മിറ്റി ഒറ്റമനസ്സോടെ അംഗീകരിക്കുകയുമായിരുന്നു. ആദ്യഘട്ടത്തിൽ സെന്ററുകളുടെ പേര് തന്നെ 'കോച്ചിംഗ് സെന്റർ ഫോർ മുസ്‌ലിം യൂത്ത്' (സിസിഎംവൈ) എന്നായിരുന്നു. മുസ്‌ലിം യുവതിയുവാക്കളെ ലക്ഷ്യമിട്ടാണ് ആ സെന്ററുകൾ ആരംഭിച്ചതെന്നതിന്റെ തെളിവുകൂടിയായിരുന്നു ആ പേര്. ഒന്നാം പിണറായി സർക്കാരിന്റെ തുടക്ക കാലത്ത് ഞാൻ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ചുമതല വഹിക്കുമ്പോൾ ആ പേര് കോ

ച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് എന്നാക്കി. 20 ശതമാനത്തോളം മറ്റ് ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളിൽ പെടുന്ന കുട്ടികളുമുണ്ട് എന്ന പരിഗണനയിലായിരുന്നു മുസ്‌ലിം യൂത്തിൽനിന്ന് മൈനോറിറ്റി യൂത്തിലേക്കുള്ള ആ പേരുമാറ്റം' (എഫ്ബി പോസ്റ്റ്, കെ.ടി ജലീൽ, 25/05/2021).

ഇതിൽനിന്നും കാര്യങ്ങൾ വളരെ വ്യക്തമാണ്. നൂറു ശതമാനം മുസ്‌ലിംകൾക്ക് ലഭിക്കേണ്ടിയിരുന്ന ഈ ക്ഷേമപദ്ധതിയിലേക്ക് ക്രൈസ്തവരെ കൂടി ചേർത്തത് പാലൊളി കമ്മിറ്റി അംഗങ്ങളുടെയും അന്നത്തെ വിഎസ് സർക്കാറിന്റെയും അറിവോടെയും അനുമതിയോടെയും ആയിരുന്നു. അതിനെ തുടർന്ന് 31/01/2011, 22/02/2011 എന്നീ തീയതികളിലായി വിഎസ് സർക്കാറിന്റെ രണ്ട് ഉത്തരവുകളും ഇറങ്ങുകയുണ്ടായി. തെരഞ്ഞെടുപ്പിന് രണ്ടുമൂന്ന് മാസങ്ങൾ മാത്രം ബാക്കിനിൽക്കെയായിരുന്നു ഈ ഉത്തരവുകൾ. 'മുസ്‌ലിം യുവജനതക്കായുള്ള പരിശീലന കേന്ദ്രങ്ങളിലെ 10% മുതൽ 20% വരെ സീറ്റുകളിൽ മറ്റു ന്യൂനപക്ഷ മത വിഭാഗങ്ങൾക്കും മറ്റു പിന്നോക്ക സമുദായങ്ങൾക്കും കൂടി പ്രവേശനം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു' എന്നാണ് 31/01/2011ലെ ഉത്തരവിന്റെ തലക്കെട്ട്. 'പാലൊളി കമ്മിറ്റി ശുപാർശ വിദ്യാർഥിനികൾക്കുള്ള സ്‌കോളർഷിപ്പ്/ഹോസ്റ്റൽ സ്‌റ്റൈപ്പൻഡ് എന്നിവ ലത്തീൻ ക്രിസ്ത്യാനികൾ, പരിവർത്തിത ക്രിസ്ത്യാനികൾ എന്നിവർക്ക് കൂടി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു' എന്നാണ് 22/02/2011 ലെ ഉത്തരവിന്റെ തലക്കെട്ട്. ഇത് വ്യക്തമാക്കുന്നത് 2011ൽ തന്നെ ഇത് അട്ടിമറിക്കപ്പെട്ടിരുന്നുവെന്നും ഇക്കാര്യങ്ങൾ പാലൊളി കമ്മിറ്റി അംഗങ്ങൾക്കും സർക്കാറിനും അറിയാമായിരുന്നുവെന്നുമാണ്.

വിഎസ് സർക്കാറിന്റെ കാലം കഴിഞ്ഞ് പിന്നീട് വന്ന ഉമ്മൻ ചാണ്ടി സർക്കാറിന്റെ കാലത്ത് 2015ൽ വീണ്ടും ഒരു ഉത്തരവ് ഇറങ്ങി. 3427/2015 എന്ന നമ്പറിൽ 8/5/2015ന് ഇറങ്ങിയ പ്രസ്തുത ഉത്തരവിൽ ചാർട്ടേഡ് അക്കൗണ്ടൻസി (CA), കോസ്റ്റ് ആൻഡ് വർക്ക്‌സ് അക്കൗണ്ടൻസി (ICWA), കമ്പനി സെക്രട്ടറിഷിപ്പ് (CS) തുടങ്ങിയ കോഴ്‌സുകൾ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്‌കോളർഷിപ്പ് പദ്ധതിയിൽ മുസ്‌ലിംകളും മറ്റ് ന്യൂനപക്ഷ സമുദായങ്ങളും തമ്മിലുള്ള സംവരണ അനുപാതത്തിന്റെ തോത് 80:20 ആകുന്നു എന്നാണ് പറയുന്നത്. നേരത്തെ വിഎസ് സർക്കാറിന്റെ കാലത്തെ ഉത്തരവുകളിൽ പരിശീലന കേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം, വിദ്യാർഥിനികളുടെ സ്‌കോളർഷിപ്പ് എന്നിവക്ക് ഏർപ്പെടുത്തിയ 80:20 അനുപാതം ഉമ്മൻ ചാണ്ടി സർക്കാർ CA, ICWA, CS എന്നീ കോഴ്‌സുകൾക്കും ഏർപ്പെടുത്തി. മൂന്നു ഉത്തരവുകളും മൂന്നുകാര്യങ്ങളെ കുറിച്ചാണ് പറയുന്നത്.

വിഎസ് സർക്കാർ കൊണ്ടുവന്ന 20 ശതമാനം ഉമ്മൻ ചാണ്ടി സർക്കാറിന് എടുത്തുമാറ്റാമായിരുന്നു. പകരം അവരും മറ്റൊരു സ്‌കീമിൽ 80:20 കൊണ്ടുവരികയാണ് ചെയ്തത്. മുസ്‌ലിംകൾക്ക് മാത്രം അവകാശപ്പെട്ട ഈ സ്‌കീമിൽ നിന്ന് ക്രിസ്ത്യാനികളെ ഒഴിവാക്കണമെന്ന് മുസ്‌ലിം സംഘടനകൾ പറയുമ്പോൾ അത് വർഗീയ അസ്വാസ്ഥ്യങ്ങൾക്ക് കാരണമായേക്കാം. എന്നാൽ സർക്കാറിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിക്കോ യുഡിഎഫ് സർക്കാരിലെ ഉത്തരവാദപ്പെട്ട മറ്റാർക്കെങ്കിലുമോ ഇക്കാര്യത്തിൽ ഇടപെടാമായിരുന്നു. മുന്നണികൾക്കിടയിലും പാർട്ടികൾക്കിടയിലുമുള്ള തർക്കങ്ങൾ ഒരു സമുദായത്തിന്റെ അവകാശം നഷ്ടപ്പെടുത്താൻ പാടില്ല.

### മറ്റു ഹൈക്കോടതികൾ എങ്ങനെ വിധിച്ചു?

സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെതിരെയുള്ള വിധിയായി പുതിയ ഹൈക്കോടതി വിധിയെ നിരീക്ഷിക്കേണ്ടി വരും. സച്ചാർ കമ്മിറ്റിയുടെ അടിസ്ഥാനത്തിലുള്ള ക്ഷേമപദ്ധതികൾക്കെതിരെ ഗുജറാത്തിലും മഹാരാഷ്ട്രയിലും ഹൈക്കോടതികളിൽ പരാതികൾ വന്നിട്ടുണ്ടായിരുന്നു. മുംബൈ ഹൈക്കോടതിയിൽ 2011 ജൂണിൽ സഞ്ജീവ് പുനലേക്കർ, ജ്യോതിക വെയ്ൽ എന്നിവരാണ് പരാതി നൽകിയത്. കേന്ദ്ര സർക്കാർ സച്ചാർ കമ്മിറ്റി നിർദേശങ്ങളുടെ ഭാഗമായി കൊണ്ടുവന്ന സ്‌കോളർഷിപ്പ് പദ്ധതികൾക്കെതിരെയായിരുന്നു അവരുടെ പരാതി. മുസ്‌ലിംകൾക്ക് മാത്രമായി സ്‌കോളർഷിപ്പ് നൽകുന്നത് ഭരണഘടനാ വിരുദ്ധമാണെന്നായിരുന്നു അവരുടെ വാദം. എന്നാൽ പരാതി തള്ളിക്കൊണ്ട് വിധി പറഞ്ഞ മുംബൈ ഹൈക്കോടതി ചീഫ് ജസ്റ്റിസ് മോഹിത് ഷായുടെ വാചകങ്ങൾ വളരെ പ്രസക്തമായിരുന്നു: 'മുസ്‌ലിംകൾക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചത് അവരുടെ മതമോ അവരുടെ ദാരിദ്ര്യമോ നോക്കിയിട്ടല്ല, സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ പരിഗണിച്ചുകൊണ്ട് മാത്രമാണ്.'

2013 നവംബറിലാണ് ഗുജറാത്ത് ഹൈക്കോടതിയിൽ മുസ്‌ലിംകൾക്ക്

മാത്രം ആനുകൂല്യങ്ങൾ നൽകുന്ന സച്ചാർ റിപ്പോർട്ടിനെതിരെ അപ്പീൽ വന്നത്. പരാതി നൽകിയത് ഗുജറാത്ത് സർക്കാർ തന്നെയായിരുന്നു. അവരുടെ വാദം ഇങ്ങനെയായിരുന്നു: 'സച്ചാർ കമ്മിറ്റിക്ക് ഭരണഘടനാപരമായോ നിയമപരമായോ സാധുതയില്ല. സിഖുകാർ, ക്രിസ്ത്യാനികൾ, ബുദ്ധമതക്കാർ, പാർസികൾ തുടങ്ങിയ മറ്റു മതന്യൂനപക്ഷങ്ങളെ പരിഗണിച്ചിട്ടില്ല. സച്ചാർ കമ്മിറ്റിയുടെ ലക്ഷ്യം മുസ്‌ലിംകളെ മാത്രം സഹായിക്കുക എന്നതാണ്. ഒരു മതക്കാർക്ക് മാത്രം ആനുകൂല്യങ്ങൾ നൽകിയാൽ മറ്റു മതന്യൂനപക്ഷങ്ങൾ പാർശ്വവൽക്കരിക്കപ്പെടും.' എന്നാൽ ഗുജറാത്തിലെ മുസ്‌ലിം സമുദായത്തിന്റെ അവസ്ഥ കണക്കുകൾ ഉദ്ധരിച്ച് കേന്ദ്രസർക്കാർ കോടതിയെ ബോധ്യപ്പെടുത്തി. ഒടുവിൽ സച്ചാറിനെതിരെയുള്ള സംസ്ഥാന സർക്കാറിന്റെ അപ്പീൽ തള്ളിക്കൊണ്ട് കോടതി പറഞ്ഞു: 'സച്ചാർ നിർദേശ പ്രകാരം മുസ്‌ലിംകൾക്കുള്ള ക്ഷേമപദ്ധതികൾ 'അഫർമേറ്റിവ്' (സ്ഥിരീകരണ നടപടി) ആണ്. അത് 'ഡിസ്‌ക്രിമിനേറ്റിവ്' (വിവേചനപരം) അല്ല. അതുകൊണ്ടുതന്നെ അപ്പീൽ തള്ളുന്നു.' മുൻകാലങ്ങളിൽ വിവേചനം നേരിട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെയാണ് അഫർമേറ്റിവ് എന്ന് പറയുന്നത്.

### ഭൂരിപക്ഷ മത വിഭാഗത്തിലെ പിന്നാക്കക്കാരെയും പരിഗണിക്കേണ്ടി വരില്ലേ?

രണ്ടു ഹൈക്കോടതികൾ കാണിച്ച സത്യസന്ധമായ ഇടപെടലുകളാണ് മുകളിൽ സൂചിപ്പിച്ചത്. കേരള സർക്കാർ പ്രഖ്യാപിച്ച, സച്ചാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള മുസ്‌ലിം ക്ഷേമപദ്ധതികളെ ഒരു അഫർമേറ്റിവ് ആക്ഷനായി കാണാൻ കേരള ഹൈക്കോടതിക്ക് സാധിക്കാതെ പോയത് ദുഃഖകരമാണ്. കേരള സർക്കാർ പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ സച്ചാർ കമ്മിറ്റിയുടെ നിർദേശാനുസരണമുള്ള മുസ്‌ലിം ക്ഷേമ പദ്ധതിയാണെന്ന് കണ്ടെത്തുവാനുള്ള വിവേകം കാണിക്കേണ്ടതായിരുന്നില്ലേ? പശ്ചാത്തലം പരിഗണിക്കാതെയുള്ള ഈ വിധിയെ തുടർന്ന് കേരളത്തിലെ ഭൂരിപക്ഷ മതവിഭാഗങ്ങളിൽ പെട്ട പിന്നാക്കവിഭാഗക്കാരും പരാതിയുമായി വന്നാൽ അതും അനുവദിക്കേണ്ടി വരില്ലേ? കാരണം 2011ലെ ഉത്തരവിൽ മുസ്‌ലിം വിഭാഗങ്ങൾക്ക് പുറമെ, മറ്റു ന്യൂനപക്ഷ മതവിഭാഗങ്ങൾക്കും മറ്റു പിന്നാക്ക സമുദായങ്ങൾക്കും കൂടി പ്രവേശനം നൽകുക എന്ന പരാമർശമുണ്ട്. മുൻമന്ത്രിയുടെ എഫ്ബി പോസ്റ്റിലും ഇക്കാര്യം പറയുന്നുണ്ട്. അതുകൊണ്ടുതന്നെ ഒട്ടും യുക്തിസഹമല്ലാത്ത ഈ വിധി പുനഃപരിശോധിക്കുകയും അത് റദ്ദ് ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണ്ടതുണ്ട്. സർക്കാർ വിധിക്കെതിരെ സർക്കാർ നിർബന്ധമായും റിവ്യൂ പെറ്റിഷൻ നൽകേണ്ടതുണ്ട്.




### മുസ്‌ലിം സമുദായം ജാഗ്രത കൈവിടരുത്

മുസ്‌ലിം ആനുകൂല്യങ്ങൾ മോഷ്ടിക്കപ്പെടുന്ന ഇത്തരം പ്രവണതകൾക്കെതിരെ മുസ്‌ലിം സമുദായം പ്രതികരിക്കേണ്ടതുണ്ട്. സമൂഹത്തെ തൽവിഷയകമായി ബോധവൽക്കരിക്കുകയും സർക്കാർ, വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയെ കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും നിയമപരമായി മുന്നോട്ട് പോകുവാൻ സജ്ജമാവുകയും ചെയ്യുക. മുസ്‌ലിം സംഘടനകൾ കേവലം പ്രസ്താവനകൾ, ചാനൽ ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവകളിൽ മാത്രം ഒതുങ്ങിനിൽക്കാതെ അവകാശങ്ങൾ ചോദിച്ചു വാങ്ങുവാനുള്ള കരുത്ത് ആർജിക്കുക. സത്യവും നീതിയുമാണ് പുലരേണ്ടത്. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന അവസ്ഥയിലേക്ക് നമ്മുടെ ജനാധിപത്യക്രമം മാറരുത്. പാർശ്വവൽക്കരിക്കപ്പെടുന്നവർ എന്നും പാർശ്വവൽക്കരിക്കപ്പെടുന്ന സ്ഥിതിവിശേഷം ഫാസിസത്തിന്റെ അടയാളമാണ്. അത് ജനാധിപത്യ വിരുദ്ധമാണ്. മുസ്‌ലിം സമുദായത്തിന്റെ ഉദ്യോഗ, വിദ്യാഭ്യാസ, ജീവിത നിലവാര അവസ്ഥ എന്താണെന്ന് സർക്കാർ വ്യക്തമാക്കുക. വിവിധ കമ്മീഷനുകൾ അത് സമൂഹത്തെ ബോധ്യപ്പെടുത്തിയതാണ്. എന്നിട്ടും കണ്ണടച്ച് ഇരുട്ടാക്കുവാനാണ് സമൂഹം ഉദ്ദേശിക്കുന്നതെങ്കിൽ അതിന് നാളെ വലിയ വില നൽകേണ്ടി വരും.



# പരിസ്ഥിതിസംരക്ഷണം: വിശ്വാസിസമൂഹങ്ങളുടെ പങ്ക്

ഉമർഷരീഫ്, റിയാദ്
omarshareefpv@gmail.com

ലേഖനം

**1972ൽ** ഐക്യരാഷ്ട്രസഭ സ്‌റ്റോക്‌ഹോമിൽ നടത്തിയ പരിസ്ഥിതി സമ്മേളനത്തിലാണ് ജൂൺ 5നെ ലോക പരിസ്ഥിതി ദിനമായി പ്രഖ്യാപിച്ചത്. 1974 മുതൽ തുടർച്ചയായി വ്യത്യസ്ത പരിസ്ഥിതി വിഷയങ്ങൾ അടിസ്ഥാനമാക്കി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. 2021ൽ 'Ecosystem Restoration' (ആവാസവ്യവസ്ഥകളുടെ പുനഃസ്ഥാപനം) എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി ദിനാചരണത്തിന് പാക്കിസ്ഥാനാണ് ആതിഥ്യംവഹിക്കുന്നത്. ഐക്യരാഷ്ട്രസഭയും ലോകരാജ്യങ്ങളും ആശങ്കകളോടെ നോക്കിക്കാണുന്ന

ലോക ജനത നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് പാരിസ്ഥിതിക പ്രശ്നങ്ങൾ. മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ എല്ലാ മേഖലകളിലും സ്പഷ്ടവും സുവ്യക്തവുമായ നിയമനിർദേശങ്ങൾ പഠിപ്പിച്ച മതമായ ഇസ്‌ലാമിന് മനുഷ്യകുലത്തിന്റെ തന്നെ നിലനിൽപ്പിനെ ബാധിക്കുന്ന പാരിസ്ഥതിക വിഷയങ്ങളിൽ എന്ത് പറയാനുണ്ട് എന്ന് വിശ്വാസി സമൂഹം പഠിച്ചെടുക്കേണ്ടതുണ്ട്. ഒരു വിശ്വാസി ഏതൊരു പ്രശ്നത്തിലും ആദ്യം നോക്കേണ്ടത് മനുഷ്യന് മാർഗനിർദേശമായി പ്രവാചകനിലൂടെ ദൈവത്തിങ്കൽ നിന്ന് അവതീർണമായ വിശുദ്ധ ക്വുർആനിലേക്കും അതിനെ പ്രായോഗികമായി പഠിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്ത പ്രവാചകന്റെ അധ്യാപനങ്ങളിലേക്കുമാണ്.

## പരിസ്ഥിതി പ്രവർത്തനങ്ങളുടെ കേരളീയസാഹചര്യം

1970കളിൽ ഇന്ദിരാഗാന്ധിയാണ് ഇന്ത്യയിൽ ആദ്യമായി പരിസ്ഥിതിസംരക്ഷണ ചിന്തകൾക്ക് തുടക്കംകുറിച്ചത്. ഏകദേശം ഇക്കാലയളവിൽതന്നെ കേരളത്തിലും സമാന ചിന്തകൾക്കും കൂട്ടായ്മകൾക്കും തുടക്കംകുറിച്ചിരുന്നു. പിന്നീട് 1980കളിൽ മതവിരുദ്ധ ചിന്തകളുടെ സഹയാത്രികരായ ശാസ്ത്ര,സാമൂഹിക പ്രവർത്തകരാണ് പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളും ചിന്തകളും പൊതുസമൂഹത്തിലും വിദ്യാർഥികൾക്കിടയിലും പ്രചരിപ്പിച്ചത്. 1970കളിലെ സൈലന്റ്‌വാലി സംരക്ഷണസമരം, മാവൂർ റയോൺസ് ചാലിയാർ സമരം, 1980കളിലെ ഭൂതത്താൻകെട്ട് ആണവനിലയ വിരുദ്ധസമരം, 1990കളിലെ ബേക്കൽ തീരസംരക്ഷണ സമരം, 2000ത്തിലെ പ്ലാച്ചിമടയിലെകൊക്കോകോള വിരുദ്ധസമരം, എൻഡോസൾഫാൻ വിരുദ്ധസമരം തുടങ്ങിയ പരിസ്ഥിതിസംരക്ഷണ സമരങ്ങളുടെ നീണ്ടചരിത്രം വായിക്കാൻ സാധിക്കും. പിന്നീട് മാധവ് ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടും കേരളത്തിൽ പരിസ്ഥിതി സംവാദങ്ങൾക്ക് വഴിതുറന്നു. സമകാലിക കേരളം രണ്ടു പ്രളയങ്ങൾക്ക് ശേഷം വീണ്ടും പരിസ്ഥിതിയുമായി ബന്ധപ്പെട്ട കൂലങ്കഷമായ ചർച്ചയിലാണ്.

കേരളത്തിൽ പരിസ്ഥിതി, പ്രകൃതി പ്രവർത്തനങ്ങൾ എന്നാൽ വൻകിട പദ്ധതികൾക്കെതിരായ സമരം മാത്രമാണെന്ന് പൊതുജനം തെറ്റിദ്ധരിക്കുകയോ, തെറ്റിദ്ധരിപ്പിക്കപ്പെടുകയോ ചെയ്തു എന്നതാണ് സത്യം.

സർക്കാറിന്റെയും കുത്തകമുതലാളിമാരുടെയും പരിസ്ഥിതിയെ പരിഗണിക്കാതെയുള്ള വൻകിട പദ്ധതികൾക്കെതിരെയുള്ള ബഹുജന പ്രക്ഷോഭങ്ങളുടെ കൂടെത്തന്നെ ഓരോ പൗരനും തന്റെ ചുറ്റുപാടിലും ജീവിതത്തിലും പാലിക്കേണ്ട ഉപഭോഗത്തിലെ മിതത്വം, ജലസംരക്ഷണം, മാലിന്യസംസ്കരണം, ജൈവകൃഷി തുടങ്ങിയ മേഖലകളിൽ വേണ്ട ബോധവത്കരണങ്ങൾ കാര്യക്ഷമമായി നടന്നുവോ, അത്എത്രമാത്രം ഫലവത്തായി എന്ന് ഈ രംഗത്തുള്ളവരെല്ലാവരും വിലയിരുത്തേണ്ടതുണ്ട്. അതോ നമ്മുടെ പരിസ്ഥിതിസംരക്ഷണം സമരങ്ങളിൽ ഒതുങ്ങിയോ? പല പരിസ്ഥിതി ബോധവൽകരണ സംരംഭങ്ങളും കൂട്ടായ്മകളും രാജ്യത്തെ അടിസ്ഥാനജനങ്ങളുടെ, സാധാരണക്കാരുടെ ബോധമണ്ഡലത്തെ സ്വാധീനിക്കാത്തതിന്റെ കാരണങ്ങൾ വിലയിരുത്തേണ്ടതുണ്ട്.

ഒരുകാലത്ത് ശാസ്ത്രത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും മറവിൽ നിരീശ്വരവാദവും മതവിരോധവും സ്വതന്ത്ര ലിബറൽ ചിന്തകളും കുത്തിവെക്കാനുള്ള ബോധപൂർവമുള്ള ചില ശ്രമങ്ങളാണ് നടന്നത്. ഭൂരിപക്ഷം വരുന്ന മതവിശ്വാസികളായ കേരളീയസമൂഹം ഇവർ മുന്നോട്ടുവെച്ച നിരീശ്വരവാദത്തോടൊപ്പം പരിസ്ഥിതിസംരക്ഷണ ചിന്തകളെയും സംശയദൃഷ്ടിയോടെ മാത്രമെ സമീപിച്ചുള്ളൂ എന്നതാണ് സത്യം.



സത്യത്തിൽ ഒരിക്കലും പ്രായോഗിക തലത്തിൽ യോജിക്കാത്ത രണ്ട് ആശയങ്ങളാണ് സ്വതന്ത്ര ലിബറലിസവും പരിസ്ഥിതിസംരക്ഷണവും. കാരണം എല്ലാ സദാചാര, മതനിയമങ്ങളെയും വെല്ലുവിളിക്കുകയും, സർവസ്വതന്ത്രമായ ജീവിതരീതിയെ പ്രോത്സാഹിപ്പിക്കുകയും, ജീവിതം ആസ്വദിക്കാനും അനുഭവിക്കാനുമുള്ളതാണ്; അല്ലാതെ ആരോ നിർമിച്ച മതനിയമങ്ങൾക്കുള്ളിൽ ഹോമിക്കാനുള്ളതല്ല എന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരുകൂട്ടർ എങ്ങനെയാണ് പ്രകൃതി, പരിസ്ഥിതി വിഭവങ്ങൾ സംരക്ഷിക്കാൻ പ്രബോധനം നടത്തുക? കാരണം ഈ പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളെല്ലാം ആസ്വാദനങ്ങളെയും അനുഭവങ്ങളെയും പരിമിതപ്പെടുത്തുന്നതാണ്. ഈ ജീവിതം ഒന്നേയുള്ളൂ, മരണത്തോടെ അവസാനിക്കുന്ന ഒന്ന്! അല്ലാതെ മതങ്ങൾ പറയുന്ന മരണാനന്തരജീവിതം മിഥ്യയും ജനങ്ങളെ ചൂഷണംചെയ്യാനുള്ള ഉപകരണവും മാത്രമാണ് എന്ന് പഠിപ്പിക്കുന്ന നാസ്തികവാദക്കാർക്ക് ഒരിക്കലും പരിസ്ഥിതി, പ്രകൃതി സംരക്ഷണത്തിന്റെ ലോജിക്ക് പൊതുജനത്തെ ബോധ്യപ്പെടുത്താൻ സാധിക്കാതെവരുന്നു.

ഒരുവശത്ത് ഈ പ്രപഞ്ചം തനിയെ ഉണ്ടായതാണെന്നും അതിലെ ഓരോ പ്രതിഭാസവും സൃഷ്ടിജാലങ്ങളും കോടിക്കണക്കിന് വർഷങ്ങളുടെ നിരന്തരമായ ഭൗതികമാറ്റങ്ങളും മ്യൂട്ടേഷനുകളും വഴി സാഹചര്യങ്ങൾക്ക് അനുഗുണമായതലത്തിൽ ഉൾതിരിഞ്ഞുവന്ന ഭൗതികപ്രതിഭാസം മാത്രമാണ് എന്നും പഠിപ്പിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്യുന്ന ഭൗതികവാദികൾ എങ്ങനെയാണ് പരിസ്ഥിതിയുടെ വിഷയത്തിൽ മാത്രം ചില നിയമങ്ങൾ പാലിക്കാൻ ഉപദേശിക്കുക?

കേവല ഭൗതിക ചിന്താപ്രസ്ഥാനങ്ങൾക്കോ, ശാസ്ത്ര പ്രചാരണ സംഘങ്ങൾക്കോ ഈ പരിസ്ഥിതിസംരക്ഷണത്തിന്റെ ബാധ്യത, കേവലയുക്തി ചിന്തയെ മാത്രം അടിസ്ഥാനമാക്കി ബോധ്യപ്പെടുത്താൻസാധ്യമല്ല. മനുഷ്യന് തന്റെ മാതാപിതാക്കളോടുള്ള ബാധ്യത ഒരു കോഴിക്കുഞ്ഞിന് മുട്ടത്തോടിനോടുള്ള കേവലബന്ധം പോലെ മാത്രമാണെന്ന് പഠിപ്പിക്കുന്ന നാസ്തികർക്ക്, മനുഷ്യന് പരിസ്ഥിതിയോടുള്ള ബാധ്യത സമർഥിക്കാൻ വിയർക്കേണ്ടിവരുന്നു.

മനുഷ്യന്റെ നൈസർഗിക വികാരമായ ലൈംഗികതയെ ഇണയിൽ മാത്രം പരിമിതപ്പെടുത്തുന്ന മതവിശ്വാസികളെ വിഡ്ഢികളെന്നു വിളിക്കുന്ന സ്വതന്ത്രചിന്തകർക്ക് എങ്ങനെയാണ് പ്രകൃതിവിഭവങ്ങളുടെ ഉപഭോഗം പരിമിതപ്പെടുത്തണം എന്ന് ഉപദേശിക്കാൻ സാധിക്കുക? മദ്യവും മയക്കുമരുന്നും മനുഷ്യന്റെ ആനന്ദത്തിനും ഉന്മാദത്തിനും ഉപയോഗിക്കാൻ ലൈസൻസ് കൊടുക്കുന്ന ലിബറൽ ആശയക്കാർക്ക് എങ്ങനെ സ്വന്തം ആനന്ദത്തിനും ആസ്വാദനത്തിനും വേണ്ടി പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്നവരെ ചോദ്യം ചെയ്യാൻ സാധിക്കും?

ഇവിടെയാണ് വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രകൃതിബോധവത്കരണത്തിന്റെ പ്രസക്തി. മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ എല്ലാമേഖലകളിലും സ്പഷ്ടവും സുവ്യക്തവുമായനിയമനിർദേശങ്ങൾ പഠിപ്പിച്ച മതമായ ഇസ്‌ലാമിന് മനുഷ്യകുലത്തിന്റെ തന്നെ നിലനിൽപ്പിനെ ബാധിക്കുന്ന പാരിസ്ഥിതിക വിഷയങ്ങളിൽ എന്ത് പറയാനുണ്ട് എന്ന് വിശ്വാസി സമൂഹം തിരിച്ചറിയേണ്ടതുണ്ട്. പരിസ്ഥിതി-പ്രകൃതി സംരക്ഷണവും അതിനായുള്ള ബോധവത്കരണ പരിപാടികളും മതപരമായബാധ്യതയാണ് എന്ന വസ്തുത എല്ലാവിഭാഗം മതവിശ്വാസികളെയും ബോധ്യപ്പെടുത്തേണ്ടതുണ്ട്.

### പരിസ്ഥിതിബോധം: ക്വുർആനികപാഠങ്ങൾ

ഈ രംഗത്തുള്ള ഇസ്‌ലാമിക അധ്യാപനങ്ങളുടെ സമഗ്രതയും സൗന്ദര്യവും നമ്മെ ആശ്ചര്യപ്പെടുത്തും. വിശുദ്ധ ക്വുർആനിലെ നിരവധി വചനങ്ങളും പ്രവാചക അധ്യാപനങ്ങളും ഈരംഗത്ത് വിശ്വാസികൾ പാലിക്കേണ്ട മര്യാദകൾ പഠിപ്പിക്കുന്നുണ്ട്. അവയിൽ പലതും ഈ ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ ഐക്യരാഷ്ട്രസഭ നൽകുന്ന നിർദേശങ്ങളെക്കാൾ സമഗ്രമാണ് എന്നതാണ് സത്യം.

മറ്റേതൊരു വിഷയത്തിലുമെന്ന പോലെ പരിസ്ഥിതിസംരക്ഷണ രംഗത്തും രണ്ട് വിരുദ്ധ തീവ്രനിലപാടുകൾ കാണാൻ സാധിക്കും. പരിസ്ഥിതിസംരക്ഷണം എന്നത് മാത്രമാണ് മനുഷ്യവംശത്തിന്റെ നിലനിൽപിന് ആധാരമെന്ന ശൈലിയിൽ എല്ലാ വികസന, പുരോഗമന പദ്ധതികളെയും നഖശികാന്തം എതിർക്കുന്ന പരിസ്ഥിതിവാദികളുടെ നിലപാടും വികസനവും ശാസ്ത്ര -സാങ്കേതിക മുന്നേറ്റവും മാത്രമാണ് മനുഷ്യവംശത്തിന്റെ വളർച്ചക്ക് ആധാരം; പരിസ്ഥിതി, പ്രകൃതി എന്നത് പരിഗണിക്കേണ്ടതില്ല എന്ന വികസനവാദികളുടെ നിലപാടുമാണ് അവ. എന്നാൽ ഇസ്‌ലാം പരിസ്ഥിതി

വിഷയങ്ങളിലും ഒരു മധ്യമ നിലപാടാണ് സ്വീകരിക്കുന്നത് എന്ന് പ്രമാണങ്ങളിൽനിന്ന് ബോധ്യപ്പെടും.

"ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കായി അവൻ സൃഷ്ടിച്ചിരിക്കുന്നു" (ക്വുർആൻ 2:29).

"തീർച്ചയായും ആദംസന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 17:70).

മനുഷ്യനെക്കുറിച്ച വിശുദ്ധ ക്വുർആനിന്റെ നിലപാടുകളാണ് മുകളിലെ രണ്ട് വചനങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ ക്വുർആനികശൈലി അനുസരിച്ച് അതിന്റെ ആഖ്യാനരീതി വിഷയാധിഷ്ഠിതമായഎല്ലാവചനങ്ങളും ഒരേ അധ്യായത്തിൽ ഒരുമിച്ച്, തുടർച്ചയായി എഴുതപ്പെട്ടരീതിയിലല്ല. ആയതിനാൽ ഈ വചനങ്ങളോട് കൂട്ടിച്ചേർത്ത് വായിക്കേണ്ട വചനങ്ങൾ അതേ അധ്യായങ്ങളിലും മറ്റ് അധ്യായങ്ങളിലും നമുക്ക് കാണാൻ സാധിക്കും.

"ആദംസന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല." (ക്വുർആൻ 7:31).

"നന്മയായിട്ട് നിനക്ക് എന്തൊന്ന് വന്നുകിട്ടിയാലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. നിന്നെബാധിക്കുന്ന ഏതൊരു ദോഷവും നിന്റെ പക്കൽനിന്നുതന്നെ ഉണ്ടാകുന്നതാണ്. (നബിയേ,) നിന്നെ നാം മനുഷ്യരിലേക്കുള്ള ദൂതനായിട്ടാണ് നിയോഗിച്ചിരിക്കുന്നത്. (അതിന്) സാക്ഷിയായി അല്ലാഹു മതി" (ക്വുർആൻ 4:79).

"ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കായി അവൻ സൃഷ്ടിച്ചിരിക്കുന്നു" (ക്വുർആൻ 2:29) എന്ന വചനം മാത്രം ഉദ്ധരിച്ച് ഇസ്‌ലാമിക നിലപാട് വികസനനിലപാടാണ്, പരിസ്ഥിതിസംരക്ഷണത്തെ പരിഗണിക്കുന്നില്ല എന്ന തെറ്റായ വ്യാഖ്യാനം പലപ്പോഴും വിമർശകർ ഉന്നയിക്കാറുണ്ട്. എന്നാൽ ഇതിനോട് കൂടെ മുകളിൽ പരാമർശിച്ച വചനങ്ങൾ ചേർത്തു വായിക്കുമ്പോഴാണ് അതിന്റെ പൂർണത എന്നതാണ് യാഥാർഥ്യം. ഭൂമിയിലുള്ളതെല്ലാം മനുഷ്യനു വേണ്ടി സൃഷ്ടിക്കപ്പെട്ടതാണ് എന്ന് പറയുമ്പോൾ അവ വരും തലമുറകൾക്കു കൂടി ആവശ്യമാണ് എന്ന പോസിറ്റീവ് വായനക്ക് പകരം സ്വാർഥമായ, സങ്കുചിതമായ കാഴ്ചപ്പാടോടെ ദുർവിനിയോഗം ചെയ്ത് പ്രകൃതിവിഭവങ്ങൾ നശിപ്പിക്കാനുള്ള അനുവാദമാണ് എന്ന എന്ന നെഗറ്റീവായ വായനയല്ല വേണ്ടത്.

## പരിസ്ഥിതി: പ്രവാചകന്റെ പ്രായോഗികനിലപാടുകൾ

ഇമാം അഹ്മദ് തന്റെ മുസ്നദിൽ ഉദ്ധരിക്കുന്നു: അബ്ദുല്ലാഹിബിൻ അംറുബിൻആസിؓൽനിന്ന് നുവേദനം: "പ്രവാചകൻﷺ സഅ്ദിؓന്റെ അടുക്കലൂടെ നടക്കുകയായിരുന്നു. അദ്ദേഹം വുദുഅ് എടുക്കുകയായിരുന്നു. പ്രവാചകൻ പറഞ്ഞു: 'സഅ്ദ്, എന്തൊരുധൂർത്താണിത്?'അദ്ദേഹം ചോദിച്ചു: 'വുദൂഇലും ധൂർത്തോ?' പ്രവാചകൻﷺ പറഞ്ഞു: 'അതെ, താങ്കൾ ഒഴുകുന്ന നദിയിലാണെങ്കിലും (അമിതമായി വെള്ളം ഉപയോഗിക്കുകയെന്നത് ധൂർത്ത് തന്നെയാണ്)."

പ്രകൃതി, പരിസ്ഥിതി ഉപഭോഗത്തിൽ വിശ്വാസിയുടെ നിലപാട് എന്താകണം എന്നതിന് ഈ ഒരൊറ്റ ഹദീസ്തന്നെ മതിയാകും. ഇവിടെ പ്രകൃതിവിഭവമായ വെള്ളത്തെപ്പറ്റിയാണ് പരാമർശമെങ്കിലും വായു, ഭൂമി, ധാതുസമ്പത്ത്, സസ്യവിഭവങ്ങൾ, കാലിസമ്പത്ത്, ഊർജസമ്പത്ത് തുടങ്ങി ഈ പ്രപഞ്ചത്തിലെ മുഴുവൻ വിഭവങ്ങളോടുമുള്ള വിശ്വാസികളുടെ നിലപാട് എന്തായിരിക്കണം എന്നാണ് ഈ പ്രവാചകവചനം നമ്മെ പഠിപ്പിക്കുന്നത്. 'ഒഴുകുന്ന നദിയിലാണെങ്കിലും', 'വുദൂഇലാണെങ്കിലും' എന്നീ രണ്ട് പോയിന്റുകൾ നാം അടിവരയിട്ട് മനസ്സിലാക്കേണ്ടതുണ്ട്. പ്രകൃതിവിഭവങ്ങൾ നമുക്ക് ഉപയോഗിക്കാം; (use) പക്ഷേ,ദുരുപയോഗം (abuse) ചെയ്യരുത്. വിശ്വാസിക്ക് പരിസ്ഥിതിയെ ഉപയോഗപ്പെടുത്താം; പക്ഷേ, ചൂഷണം ചെയ്യരുത് എന്ന സന്ദേശമാണ് പ്രവാചകൻ ഇവിടെ നൽകുന്നത്. ധൂർത്ത്, അമിതവ്യയം, ദുർവിനിയോഗം, ചൂഷണം, പിഴിഞ്ഞെടുക്കൽ, പരമാവധി മുതലെടുക്കൽ തുടങ്ങിയ ഏതു പേരിൽ വിശേഷിപ്പിക്കപ്പെട്ടാലും അവയെല്ലാം അധാർമികവും പരിപാലനം, പോഷണം, സംരക്ഷണം എന്നിവ ധാർമികവും ആണ് എന്ന പാഠമാണ് പ്രവാചകൻﷺ പഠിപ്പിക്കുന്നത്.

## പരിസ്ഥിതി പരിപാലനം വിശ്വാസത്തിലൂടെ മാത്രം

ക്വുർആൻ വചനങ്ങൾ പ്രകാരം ഒരു വിശ്വാസിയുടെ ഓരോ പ്രവർത്തനവും അവന്റെ പരലോകത്തേക്കുള്ള സമ്പാദ്യമാണ്. അത് നന്മയോ തിന്മയോ എന്ന് മനുഷ്യർക്ക് തിരഞ്ഞെടുക്കാം.

"അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരുഅണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും" (ക്വുർആൻ 99:7,8).

"പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങളെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും" (ക്വുർആൻ 102:8).

ഇത്തരം ക്വുർആനിക വചനങ്ങളാണ് വിശ്വാസികളുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാന പ്രചോദനം. ഇവിടെ ചെയ്യുന്ന ഓരോ അണുമണിത്തൂക്കം നന്മയുടെയും തിന്മയുടെയും പ്രതിഫലം നാളെ പരലോകത്ത് അനുഭവിക്കും. ഈ ലോകത്ത് ലഭിക്കുന്ന ഓരോ അനുഗ്രഹവും ഏതു മാർഗത്തിൽ വിനിയോഗിച്ചു എന്ന് ചോദ്യം ചെയ്യപ്പെടും. ദാഹിച്ചുവലഞ്ഞ സമയത്ത് ലഭിച്ച ഒരു ഗ്ലാസ് വെള്ളം പോലും വലിയ അനുഗ്രഹമാണ്. ധനം എങ്ങനെ സമ്പാദിച്ചു, ഏത് വഴിയിൽ വിനിയോഗിച്ചു എന്ന് കൃത്യമായി ബോധിപ്പിക്കേണ്ടിവരും. ഇസ്‌ലാം പഠിപ്പിക്കുന്ന ഈ കാര്യങ്ങളെല്ലാം യാഥാർഥ്യമാണെന്ന് വിശ്വസിക്കുന്നവരാണ് മുസ്‌ലിംകൾ. അതിനാൽ സൂക്ഷ്മതയോടെ മാത്രമെ അവർ ഏതു കാര്യവും ചെയ്യുകയുള്ളൂ.

ഒരു പ്രകൃതിവിഭവം ഞാൻ സൂക്ഷ്മതയോടെ ഉപയോഗിച്ച് പരിരക്ഷിക്കാൻ ശ്രമിക്കുമ്പോൾ, തൊട്ടടുത്ത നിമിഷം മറ്റൊരാൾ അതേവിഭവം ചൂഷണം ചെയ്യുന്നത് കാണുമ്പോൾ, ഞാൻ എന്തിന് ഈ ത്യാഗം സഹിക്കണം എന്ന ചിന്ത ജന്മസഹജം. പക്ഷേ, ഇവിടെയാണ് പരലോകവിശ്വാസത്തിന്റെ സൗന്ദര്യം നാം ദർശിക്കുന്നത്. ഭൗതികലോകത്തെ ലാഭനഷ്ടങ്ങൾ മാത്രമല്ല വിശ്വാസിയുടെ മാനദണ്ഡം. എനിക്ക് ചെയ്യാൻ സാധിക്കുന്ന നന്മ ഞാൻ ചെയ്യുന്നു, അത് മറ്റുള്ളവരോട് ഉപദേശിക്കുന്നു. വിശ്വാസി പ്രവാചകനെ പിന്തുടരുകവഴി ദൈവപ്രീതിയും പരലോകമോക്ഷവുമാണ് ലക്ഷ്യമാക്കുന്നത്; ഈ ലോകത്ത് അതിന്റെ പൂർണമായ ഫലം ലഭിച്ചാലും ഇല്ലെങ്കിലും. പക്ഷേ, ആത്മാർഥമായ ഇടപെടലുകൾ സമൂഹത്തിന് ബോധ്യപ്പെടാനും ഈ ലോകത്ത് തന്നെ സമൂർത്തമായ സൽഫലങ്ങൾ സൃഷ്ടിക്കാനും സാധിക്കാറുണ്ട് എന്നതിന് ചരിത്രം സാക്ഷി.

ഇവിടെയാണ് പരിസ്ഥിതി, പ്രകൃതിവിഭവങ്ങൾ സൂക്ഷ്മതയോടെ വിനിയോഗിക്കുന്നതിൽ ബോധവത്കരണം ലഭിച്ച വിശ്വാസിസമൂഹവും ഭൗതികവാദികളും വ്യതിരിക്തമാകുന്നത്. കേവല ഭൗതികചിന്തകളിൽ തനിക്ക് നഷ്ടപ്പെടുന്ന ഓരോ ആനന്ദവും ആസ്വാദനവും ഒരിക്കലും തിരിച്ചുലഭിക്കാത്ത നഷ്ടമാണെന്ന് ചിന്തിക്കുന്നവർക്ക് പരിസ്ഥിതി, പ്രകൃതി സംരക്ഷണം കേവലത്യാഗമായി മാറുന്നു. പരിസ്ഥിതി, പ്രകൃതിസംരക്ഷണം ഒരു ചെറിയവിഭാഗം 'പ്രാന്തന്മാരിൽ' ഒതുങ്ങിപ്പോകുന്നു. ഇവർതന്നെ പഠിപ്പിച്ച പൊതുജനങ്ങളുടെ സാമാന്യബുദ്ധികൊണ്ട് ഈ ആസ്വാദന നഷ്ടങ്ങളെ വിശദീകരിക്കാൻ കഴിയാതെപോകുന്നു എന്നതാണ് യാഥാർഥ്യം.

അതുകൊണ്ട്തന്നെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ മതവിശ്വാസി സമൂഹങ്ങളെ കൂടുതൽ ബോധവത്കരിക്കുകയും അതിന്റെ ആത്മീയവും ഭൗതികവുമായ നേട്ടങ്ങളെ തിരിച്ചറിഞ്ഞ് ആത്മാർഥമായ ഇടപെടലുകൾ സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബ തലം മുതൽ ആരംഭിക്കേണ്ടതുണ്ട്. സർക്കാരുകളും പരിസ്ഥിതിപ്രവർത്തകരും ഹിഡൻ അജണ്ടകളില്ലാതെ വിവധ മതനേതൃത്വങ്ങളെ ഈ രംഗത്തേക്ക് കൊണ്ടുവരികയും അവരുടെ ക്രിയാത്മക സാന്നിധ്യം ആവശ്യപ്പെടുകയും വേണം.



കേവലനിയമങ്ങളും ചട്ടങ്ങളുംകൊണ്ട് പ്രകൃതിവിഭവങ്ങളുടെ ചൂഷണവും ദുർവിനിയോഗവും തടയാൻ സാധിക്കില്ല എന്ന സത്യം മണൽഖനനം, കരിങ്കൽ ക്വാറികൾ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ നമ്മുടെ നാട്ടിൽ നടപ്പാക്കിയപ്പോൾ നാം അനുഭവിച്ചതാണ്. പൊതുജനങ്ങളെ ഇതിന്റെ ഭവിഷ്യത്തുകൾ ബോധ്യപ്പെടുത്താനും നല്ല മാതൃകകൾ ജനങ്ങൾക്ക് മുമ്പിൽ സൃഷ്ടിക്കാനും ഭരണകർത്താക്കൾക്ക് സാധിക്കേണ്ടതുണ്ട്. ഇതിന് മത, സാമൂഹിക രംഗത്തുള്ളവരെക്കൂടി മുന്നോട്ട് കൊണ്ടുവരികയും ചെയ്യേണ്ടതുണ്ട്.

### മതനേതൃത്വം നിർവഹിക്കേണ്ട പങ്ക്

ലോകത്ത് പരിസ്ഥിതിസംരക്ഷണ രംഗം ഒട്ടനവധി പഠനഗവേഷണങ്ങൾ നടക്കുന്ന മേഖലയാണ്. പല പ്രദേശങ്ങളിലും അനുകരിക്കാവുന്ന നല്ല മാതൃകകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന, ലോകത്തിലെ തന്നെ ആദ്യത്തെ വിമാനത്താവളമുള്ളത് നമ്മുടെ സംസ്ഥാനത്താണ് (കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്). ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വിഭാഗം ലോകത്തിലെ വൻകിട വികസിത രാഷ്ട്രങ്ങൾക്ക് തന്നെ മാതൃകയാക്കി കാണിക്കുന്ന ഒരു സംരംഭമാണ് ഇത് എന്നത് നമുക്ക് അഭിമാനകരംതന്നെ.



പരിസ്ഥിതി പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളെ കേവല സമരങ്ങളാക്കി ചുരുക്കാതെ, പൊതുജനങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമായി ഓരോരുത്തരും ഇടപെടലുകൾ നടത്തുന്ന, തന്റെ വീട്ടിലും ചുറ്റുപാടുകളിലുമുള്ള പരിസ്ഥിതി സംരക്ഷണ ഉത്തരവാദിത്തം എന്റേതാണ് എന്ന തിരിച്ചറിവ് സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. പരിസ്ഥിതി ബോധവത്കരണ പരിപാടികൾ ഓസോൺ പാളികളുടെ തകർച്ചയും, ജെറ്റ്എഞ്ചിനുകളുടെ കാർബൺ എമിഷനും, മുതലാളിത്ത കുത്തക രാജ്യങ്ങളുടെ ക്ലോറോഫ്ളൂറോ വാതകങ്ങളുടെ പുറന്തള്ളൽ തുടങ്ങിയ അന്താരാഷ്ട്ര വിഷയങ്ങളിൽ മാത്രമൊതുക്കാതെ, സാധാരണജനങ്ങളുടെ പങ്ക് എന്ത് എന്ന് പഠിപ്പിക്കാവുന്ന, ഓരോരുത്തരുടെയും ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കാവുന്ന പ്രായോഗിക തലത്തിലുള്ള പഠന ബോധവത്കരണ പദ്ധതികൾ നടപ്പിലാക്കണം

കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ ജലസ്രോതസ്സുകളുടെ ക്ഷയിക്കലും മലിനമാകലും, നഗര, ഗ്രാമഭേദമെന്യേ പരിഹാരമില്ലാതെ അവശേഷിക്കുന്ന മാലിന്യസംസ്കരണം, കാർഷിക മേഖലയുടെ ചുരുങ്ങൽ എന്നിവയാണ് പ്രധാന വെല്ലുവിളികൾ. ശുചിത്വ മാലിന്യ സംസ്കരണം, ജലവിഭവ സംരക്ഷണം, കാർഷികമേഖലയുടെ വികസനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന നല്ല മാതൃകകൾ സൃഷ്ടിക്കാൻ മഹല്ലുകൾക്കും, ഇടവകകൾക്കും, സാമുദായിക സംഘങ്ങൾക്കും സാധിക്കണം.

ഗ്രീൻ ആർക്കിടെക്ച്ചറൽ, സോളാർപവർ, മഴവെള്ളസംഭരണം, മലിനജലശുചീകരണ സംവിധാനങ്ങൾ, മാലിന്യസംസ്കരണം, അടുക്കളത്തോട്ടങ്ങൾ തുടങ്ങിയ നല്ല മാതൃകകൾ മത വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രങ്ങളിൽ ആരംഭിക്കുക. ഒരു നൂറ് പ്രസംഗങ്ങളേക്കാൾ ജനങ്ങളിൽ ബോധ്യം സൃഷ്ടിക്കാൻ ഇവക്ക് സാധിക്കും

മദ്രസകളിലും, മതപഠനകേന്ദ്രങ്ങളിലും കുട്ടികൾക്ക് പരിസ്ഥിതി പ്രകൃതി സംരക്ഷണത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുകയും അതിന്റെ മതപരമായ വശങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്യുക.

സർക്കാർ സംവിധാനങ്ങളും, പരിസ്ഥിതി സംരക്ഷണ എൻ.ജി.ഒകളും സംഘടിപ്പിക്കുന്ന പദ്ധതികളും, പ്രൊജെക്റ്റുകളും വിശ്വാസി സമൂഹത്തിൽ എത്തിക്കാനും, സഹകരണം ഉറപ്പാക്കാനും വേണ്ട നിർദേശങ്ങൾ മതനേതൃത്വം കാലാകാലങ്ങളിൽ നൽകുക.

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

ലേഖനം




# ജൂതന്മാർ ക്വുർആൻ നൽകുന്ന ചരിത്രപാഠങ്ങൾ

3

## അവുടെമേൽ ശാപം വർഷിക്കുകയുണ്ടായി

ഈ പറയപ്പെട്ടതും അല്ലാത്തതുമായ അതിക്രമങ്ങൾകൊണ്ടും നന്ദികേടുകൾ കൊണ്ടും അല്ലാഹുവും അവന്റെ പ്രവാചകരും അവരെ ശപിച്ചതായി അല്ലാഹു പറയുന്നു: "ഇസ്‌റാഈ സന്തതികളിലെ സത്യനിഷേധികൾ ദാവൂദിന്റെയും മർയമിന്റെ മകൻ ഈസായുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു. അവർ അനുസരണക്കേട് കാണിക്കുകയും അതിക്രമം കൈക്കൊള്ളുകയും ചെയ്തതിന്റെ ഫലമത്രെ അത്" (ക്വുർആൻ 5:78).

പ്രവാചകന്മാരുടെ ക്വ്ബറുകളെ ആരാധനാലയങ്ങളാക്കിയതിനാലും അവർ ശപിക്കപ്പെട്ടവരായി: അബൂഹുറയ്‌റ﵁ നിവേദനം; അല്ലാഹുവിന്റെ ദൂതൻﷺ

പറഞ്ഞു: "യഹൂദികളെ അല്ലാഹു നശിപ്പിക്കട്ടെ, അവരുടെ നബിമാരുടെ ക്വബ്‌റിടങ്ങളെ അവർ ആരാധനാലയങ്ങളാക്കിയിരിക്കുന്നു" (ബുഖാരി).

## രൂപം മാറ്റി ശിക്ഷിക്കപ്പെട്ടവർ

അതുപോലെ നിന്ദ്യമായ ശിക്ഷ അവരെ പിടികൂടുകയും ചെയ്തു. അല്ലാഹു പറയുന്നു: "എന്നാൽ അല്ലാഹുവിന്റെ അടുക്കൽ അതിനെക്കാൾ മോശമായ പ്രതിഫലമുള്ളവരെ പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ? ഏതൊരു വിഭാഗത്തെ അല്ലാഹു ശപിക്കുകയും അവരോടവൻ കോപിക്കുകയും ചെയ്തുവോ, ഏത് വിഭാഗത്തിൽപെട്ടവരെ അല്ലാഹു കുരങ്ങുകളും പന്നികളുമാക്കിത്തീർത്തുവോ, ഏതൊരു വിഭാഗം ദുർമൂർത്തികളെ ആരാധിച്ചുവോ അവരത്രെ ഏറ്റവും മോശമായ സ്ഥാനമുള്ളവരും നേർമാർഗത്തിൽനിന്ന് ഏറെ പിഴച്ച് പോയവരും" (ക്വുർആൻ 5:60).

"നിങ്ങളിൽനിന്ന് സബ്ത്ത് (ശബ്ബത്ത്) ദിനത്തിൽ അതിക്രമം കാണിച്ചവരെ പറ്റി നിങ്ങളറിഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ നാം അവരോട് പറഞ്ഞു: നിങ്ങൾ നിന്ദ്യരായ കുരങ്ങൻമാരായിത്തീരുക" (ക്വുർആൻ 2:65).



## ഉറ്റ മിത്രങ്ങളാക്കരുത്

"സത്യവിശ്വാസികളേ, യഹൂദരെയും ക്രൈസ്തവരേയും നിങ്ങൾ ഉറ്റമിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ, അന്യോന്യം ഉറ്റമിത്രങ്ങളാണ് താനും. നിങ്ങളിൽനിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച" (ക്വുർആൻ 5:51).

## ജൂതന്മാർ ആഗ്രഹിക്കുന്നത്

ജൂതന്മാരുടെ ആഗ്രഹമെന്താണെന്ന് ക്വുർആൻ വ്യക്തമാക്കുന്നത് കാണുക: "യഹൂദർക്കോ ക്രൈസ്തവർക്കോ ഒരിക്കലും നിന്നെപ്പറ്റി തൃപ്തിവരികയില്ല; നീ അവരുടെ മാർഗം പിൻപറ്റുന്നത് വരെ. പറയുക: അല്ലാഹുവിന്റെ മാർഗദർശനമാണ് യഥാർഥ മാർഗദർശനം. നിനക്ക് അറിവ് വന്നുകിട്ടിയതിനു ശേഷം അവരുടെ തന്നിഷ്ടങ്ങളെയെങ്ങാനും നീ പിൻപറ്റിപ്പോയാൽ അല്ലാഹുവിൽനിന്ന് നിന്നെ രക്ഷിക്കുവാനോ സഹായിക്കുവാനോ ആരുമുണ്ടാവില്ല" (2:120).

## കടുത്ത ശത്രുത

സത്യവിശ്വാസികളോട് ഏറ്റവും ശത്രുത വെച്ചുപുലർത്തുന്നവരും ഈ ജനതയാണെന്നത് ക്വുർആനിന്റെ സാക്ഷ്യമാണ്: "ജനങ്ങളിൽ സത്യവിശ്വാസികളോട് ഏറ്റവും കടുത്ത ശത്രുതയുള്ളവർ യഹൂദരും ബഹുദൈവാരാധകരുമാണ് എന്ന് തീർച്ചയായും നിനക്ക് കാണാം. ഞങ്ങൾ ക്രിസ്ത്യാനികളാകുന്നു എന്ന് പറഞ്ഞവരാണ് ജനങ്ങളിൽ വെച്ച് സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സൗഹൃദമുള്ളവർ എന്നും നിനക്ക് കാണാം. അവരിൽ മതപണ്ഡിതൻമാരും സന്യാസികളും ഉണ്ടെന്നതും അവർ അഹംഭാവം നടിക്കുന്നില്ല എന്നതുമാണ് അതിന് കാരണം" (2:82).

## ഭീരുക്കൾ

ഭൂമിയിലെ ഏറ്റവും വലിയ ഭീരുക്കളും ഇവർ തന്നെ. അല്ലാഹു പറയുന്നു: "കോട്ടകെട്ടിയ പട്ടണങ്ങളിൽ വെച്ചോ മതിലുകളുടെ പിന്നിൽനിന്നോ അല്ലാതെ അവർ ഒരുമിച്ച് നിങ്ങളോട് യുദ്ധം ചെയ്യുകയില്ല. അവർ തമ്മിൽ തന്നെയുള്ള പോരാട്ടം കടുത്തതാകുന്നു. അവർ ഒരുമിച്ചാണെന്ന് നീ വിചാരിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഭിന്നിപ്പിലാകുന്നു. അവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഒരു ജനതയായത് കൊണ്ടത്രെ അത്" (ക്വുർആൻ 59:14).

## ജീവിതത്തോട് അത്യാർത്തിയുള്ളവർ

ഐഹിക ജീവിതമാണവർ ആഗ്രഹിക്കുന്നത്, പരലോകത്തെയല്ലായെന്നതും അവരെപ്പറ്റിയുള്ള ക്വുർആനിന്റെ സാക്ഷ്യമാണ്. അല്ലാഹു പറയുന്നു:

"നീ അവരോട് (യഹൂദരോട്) പറയുക: മറ്റാർക്കും നൽകാതെ നിങ്ങൾക്കുമാത്രമായി അല്ലാഹു നീക്കിവെച്ചതാണ് പരലോകവിജയമെങ്കിൽ നിങ്ങൾ മരിക്കുവാൻ കൊതിച്ചുകൊള്ളുക. നിങ്ങളുടെ വാദം സത്യമാണെങ്കിൽ (അതാണല്ലോ വേണ്ടത്). എന്നാൽ അവരുടെ കൈകൾ മുൻകൂട്ടി ചെയ്തുവെച്ചത് (ദുഷ്കൃത്യങ്ങൾ ) കാരണമായി അവരൊരിക്കലും മരണത്തെ കൊതിക്കുകയില്ല. അതിക്രമകാരികളെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു അല്ലാഹു. തീർച്ചയായും ജനങ്ങളിൽവെച്ച് ജീവിതത്തോട് ഏറ്റവും ആർത്തിയുള്ളവരായി അവരെ (യഹൂദരെ) നിനക്ക് കാണാം; ബഹുദൈവവിശ്വാസികളെക്കാൾ പോലും. അവരിൽ ഓരോരുത്തരും കൊതിക്കുന്നത് തനിക്ക് ആയിരം കൊല്ലത്തെ ആയുസ്സ് കിട്ടിയിരുന്നെങ്കിൽ എന്നാണ്. ഒരാൾക്ക് ദീർഘായുസ്സ് ലഭിക്കുക എന്നത് അയാളെ ദൈവിക ശിക്ഷയിൽനിന്ന് അകറ്റിക്കളയുന്ന കാര്യമല്ല. അവർ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു" (2:94-96).



### അവസാന നാളിന്റെ അടയാളം

അവസാന നാളിൽ യഥാർഥ വിശ്വാസികൾക്കാണ് വിജയവും രക്ഷയും ഇരുലോകത്തും ലഭിക്കുക. താഴെ വരുന്ന ഹദീഥ് അതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്.

അബൂഉമാമഃ(റ) നിവേദനം; അല്ലാഹുവിന്റെ ദൂതൻ(ﷺ) പറഞ്ഞു: "അവരുടെ ഇമാം അവരുമായി സ്വുബ്ഹി നമസ്കരിക്കാനായി നിൽക്കുന്ന വേളയിൽ അവരുടെമേൽ ഈസബ്നു മറ്യം(അ) ഇറങ്ങുന്നതാണ്. ആ സമയം അവരുടെ ഇമാം പിന്തിരിഞ്ഞ് പെട്ടെന്ന് നടന്നുവന്ന് ഈസാ(അ)യെ (ഇമാമായി) നിറുത്താനായി വരും. അപ്പോൾ ഈസാ അദ്ദേഹത്തിന്റെ ചുമലിൽ തന്റെ കൈ വെച്ചുകൊണ്ട് അദ്ദേഹത്തോട് പറയും: 'നിങ്ങൾ തന്നെ (ഇമാമായി) നിൽക്കുകയും നമസ്കരിക്കുകയും ചെയ്യുക, കാരണം ഇത് (ഈ നമസ്കാരം) നിങ്ങൾക്കായി ഇക്വാമത്ത് വിളിക്കപ്പെട്ടതാണ്.' അങ്ങനെ അവരുടെ ഇമാം അവരുമായി നമസ്കരിക്കും. അതിൽനിന്ന് വിരമിച്ചാൽ ഈസാ(അ) പറയും: 'നിങ്ങൾ വാതിൽ തുറക്കുക.' അപ്പോൾ അവർ വാതിൽ തുറക്കും. അതിനു പിന്നിൽ ദജ്ജാലുണ്ടായിരിക്കും. അവന്റെ കൂടെ എഴുപതിനായിരം ജൂതന്മാരും ഉണ്ടാകും. എല്ലാവരുടെയുമടുത്ത് തേക്കുമരംകൊണ്ടുള്ള പിടിയുള്ള വാൾ ഉണ്ടായിരിക്കും. ദജ്ജാൽ അദ്ദേഹത്തി(ഈസാനബിയി)ലേക്ക് നോക്കുമ്പോൾ വെള്ളത്തിൽ ഉപ്പ് അലിയുന്നതുപോലെ അലിയുകയും വിരണ്ടോടി പോവുകയും ചെയ്യും. ആ സമയം ഈസാ(അ) പറയും: 'നിന്നിൽ എനിക്ക് വാളുകൊണ്ടുള്ള ഒരു വെട്ടുണ്ട്. അതിൽനിന്ന് നിനക്ക് രക്ഷപ്പെടാനാവുകയില്ല.' അങ്ങനെ അവനെ കിഴക്കിലെ ബാബുലുദ്ദിൽവെച്ച് പിടികൂടുകയും വധിക്കുകയും ചെയ്യും. അല്ലാഹു ജൂതന്മാരെ പരാജയപ്പെടുത്തും. അങ്ങനെ ജൂതന്മാർ രക്ഷപ്പെടാനായി അല്ലാഹു സൃഷ്ടിച്ച ഏതൊരു സൃഷ്ടിയുടെയും- അത് കല്ലാവട്ടെ, മരമാവട്ടെ, മതിലാവട്ടെ, മൃഗമാവട്ടെ- പിന്നിൽ ഒളിച്ചിരുന്നാൽ ആ സൃഷ്ടികൾ അത് വിളിച്ച് പറയും; ഇദ്ഖീർ എന്ന ചെടി ഒഴിച്ച്. അത് അവരുടെ മരമാണ്. അത് വിളിച്ച് പറയില്ല. സൃഷ്ടികൾ പറയും: 'ഓ, അല്ലാഹുവിന്റെ അടിമയായ മുസ്‌ലിമേ! ഇതാ ഒരു ജൂതൻ, ഇവിടെ വന്ന് അവനെ വധിക്കുക" (ഇബ്നുമാജ, അൽഫിതൻ: 4077; ഇബ്നുമാജ, കിതാബുൽ ഫിതൻ: 2/1361, ഹാകിം, മുസ്തദറക്: 4/436).

നാം നമ്മുടെ വിശ്വാസവും കർമങ്ങളും നന്നാക്കുകയും അല്ലാഹുവിനോട് എല്ലാ അതിക്രമികൾക്കുമെതിരെ പ്രാർഥിക്കുകയും ചെയ്യുക. അന്തിമ വിജയം വിശ്വാസികൾക്കാണെന്നറിയുക. അവരിൽ ഉൾപ്പെടാൻ നാം ക്ഷമയോടെ, പ്രാർഥനയോടെ നിലകൊള്ളുക.




ശമീർ മദീനി
shameermadeeni@gmail.com

# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

9

**ഈ** രണ്ടു പ്രേരകങ്ങൾക്കുമിടയിൽ നിലകൊള്ളുന്ന ഹൃദയം ചിലപ്പോൾ സത്യവിശ്വാസത്തിന്റെയും യഥാർഥജ്ഞാനത്തിന്റെയും അല്ലാഹുവിലേക്കുള്ള സ്നേഹത്തിന്റെയും അവനെ മാത്രം ലക്ഷ്യമാക്കിയുള്ള കർമത്തിന്റെയും നേർക്ക് ആഭിമുഖ്യം പ്രകടിപ്പിക്കും. മറ്റു ചിലപ്പോഴാകട്ടെ ദേഹേച്ഛയുടെയും പിശാചിന്റെയും പ്രകൃതങ്ങളിലേക്ക് ചാഞ്ഞുപോകും. ഇത്തരം ഹൃദയങ്ങളിലാണ് പിശാചിന് താൽപര്യമുള്ളത്. അവന് അതിൽ കയറിച്ചെല്ലാനുള്ള ഇടങ്ങളും അതിനുപറ്റിയ സാഹചര്യങ്ങളുമുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ വിജയം നൽകുന്നു.

"സാക്ഷാൽ സഹായം പ്രതാപിയും യുക്തിമാനുമായ അല്ലാഹുവിൽനിന്ന് മാത്രമാകുന്നു" (ക്വുർആൻ 3:126).

പിശാചിന് ഇവിടെ സൗകര്യപ്പെടുന്നത് തന്റെ ആയുധം അവിടെ കിടപ്പുള്ളതുകൊണ്ട് മാത്രമാണ്. അങ്ങനെ അവിടേക്ക് പിശാച് കടന്നുചെല്ലുകയും ആയുധം കൈവശപ്പെടുത്തുകയും അതുമായി അയാളോട് പോരാടുക

യും ചെയ്യും. അവന്റെ ആയുധമെന്നത് ദേഹേച്ഛ കളും സന്ദേഹങ്ങളുമാണ്. അഥവാ ശഹവാത്തുകളും ശുബുഹാത്തുകളും. അതേപോലെ വ്യാജമായ കുറെ വ്യാമോഹങ്ങളും ഭാവനകളും. അവയൊക്കെ ഒരു ഹൃദയത്തിൽ ശേഷിക്കുന്നുണ്ടെങ്കിൽ പിശാച് അവിടേക്ക് കടന്നുവരികയും അവയെ കൈവശപ്പെടുത്തുകയും ചെയ്തുകൊണ്ട് ആ ഹൃദയത്തെ കീഴ്പ്പെടുത്താൻ ശ്രമിക്കും. എന്നാൽ ഈ വ്യക്തിയുടെ പക്കൽ അത്തരം ആയുധങ്ങളെ പ്രതിരോധിക്കാനുള്ള അതിനെക്കാൾ മികച്ച, ഈമാനിന്റെ ശക്തമായ സന്നാഹങ്ങളുണ്ടെങ്കിൽ വിജയംവരിക്കാൻ കഴിയും. ഇല്ലെങ്കിൽ തന്റെ ശത്രുവിനായിരിക്കും തന്റെമേൽ ആധിപത്യം ലഭിക്കുക. 'ലാ ഹൗല വലാ ക്വുവ്വത്ത ഇല്ലാ ബില്ലാഹിൽ അലിയ്യിൽ അളീം' (അത്യുന്നതനും മഹാനുമായ അല്ലാഹുവിനെകൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല).

ഒരാൾ തന്റെ ശത്രുവിനു വീടിന്റെ വാതിൽ തുറന്നുകൊടുക്കുകയും പ്രവേശിക്കാനനുവദിക്കുകയും അങ്ങനെ ആയുധങ്ങളെടുത്തു പോരാടാൻ സൗകര്യമൊരുക്കുകയും ചെയ്താൽ അയാൾ തന്നെയാണ് ആക്ഷേപാർഹൻ.

'നീ നിന്നെത്തന്നെ ആക്ഷേപിച്ചുകൊള്ളുക; വാഹനത്തെ കുറ്റംപറയേണ്ടതില്ല. സങ്കടങ്ങൾ മറച്ചുവെച്ചുകൊണ്ട് നീ മരണത്തെ പുൽകിക്കൊള്ളുക! നിനക്ക് യാതൊരു ഒഴിവുകഴിവുമില്ല.'

ഒരു വിശ്വാസിയെ തന്റെ ശത്രുവായ പിശാചിൽ നിന്നും സംരക്ഷിക്കുന്ന 'ദിക്റി'നെ സംബന്ധിച്ച് വന്ന ഹാരിഥ്ﷺവിന്റെ ഹദീഥിന്റെ വിശദീകരണത്തിലേക്ക് തന്നെ മടങ്ങിപ്പോവുകയാണ്.

നബിﷺ പറഞ്ഞു: "അവൻ നിങ്ങളോട് നോമ്പനുഷ്ഠിക്കുവാൻ കൽപിച്ചു. അതിന്റെ ഉപമ ഒരു സംഘത്തിലെ ഒരാളെ പോലെയാണ്. അയാളുടെ കയ്യിൽ ഒരു കിഴിയുണ്ട്; അതിൽ കസ്തൂരിയും. എല്ലാവരും അയാളെക്കുറിച്ച് ആശ്ചര്യപ്പെടുന്നു! അഥവാ അതിന്റെ പരിമളം അത്ഭുതപ്പെടുത്തുന്നു. നിശ്ചയം, നോമ്പുകാരന്റെ വാസന അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയുടെ വാസനയെക്കാൾ വിശിഷ്ടമാണ്.''

നബിﷺ ഇവിടെ നോമ്പുകാരനെ ഉപമിച്ചത് കിഴിയിൽ കസ്തൂരി സൂക്ഷിച്ച ഒരാളോടാണ്. കാരണം അത് മറ്റുള്ളവരുടെ ദൃഷ്ടികളിൽനിന്ന് മറച്ചുവെക്കപ്പെട്ടിരിക്കുകയാണ്. തന്റെ വസ്ത്രത്തിനടിയിൽ അയാൾ അത് ഒളിപ്പിച്ചുവെച്ചിരിക്കുന്നു. ഏതൊരു കസ്തൂരി വാഹകനെയും പോലെ. ഇതുപോലെയാണ് നോമ്പുകാരനും. അയാളുടെ നോമ്പ് സൃഷ്ടികളുടെ കണ്ണിൽനിന്നും മറച്ചുവെക്കപ്പെട്ടിരിക്കുകയാണ്. അവരിലെ ശക്തന്മാർക്കുപോലും അത് കണ്ടെത്താൻ സാധിക്കുകയില്ല.

ഒരു യഥാർഥ നോമ്പുകാരൻ എന്നു പറഞ്ഞാൽ, അയാളുടെ അവയവങ്ങളെല്ലാംതന്നെ പാപങ്ങളിൽ നിന്ന് വിട്ടകന്നു നിൽക്കുന്നതായിരിക്കും. അയാളുടെ നാവാകട്ടെ കളവിൽനിന്നും മറ്റു വൃത്തികേടുകളിൽ നിന്നും വ്യാജവാക്കുകളിൽനിന്നുമൊക്കെ അകലം പാലിക്കും. അയാളുടെ വയർ അന്നപാനീയങ്ങളിൽ നിന്നും ലൈംഗികാവയവം അതിന്റെ ആസ്വാദനങ്ങളിൽനിന്നും അകന്നുനിൽക്കുന്നത്പോലെ. അയാൾ വല്ലതും സംസാരിക്കുകയാണെങ്കിൽ തന്റെ വ്രതത്തിനു പരിക്കേൽപിക്കുന്ന യാതൊന്നും സംസാരിക്കുകയില്ല. വല്ലതും പ്രവർത്തിക്കുമ്പോഴും നോമ്പിനെ തകരാറിലാക്കുന്ന യാതൊന്നും ചെയ്യാതെ സൂക്ഷിക്കും. അയാളുടെ വാക്കുകളും പ്രവൃത്തികളുമെല്ലാം നന്മനിറ

> **ഒരു യഥാർഥ നോമ്പുകാരൻ എന്നു പറഞ്ഞാൽ, അയാളുടെ അവയവങ്ങളെല്ലാംതന്നെ പാപങ്ങളിൽ നിന്ന് വിട്ടകന്നു നിൽക്കുന്നതായിരിക്കും. അയാളുടെ നാവാകട്ടെ കളവിൽനിന്നും മറ്റു വൃത്തികേടുകളിൽ നിന്നും വ്യാജവാക്കുകളിൽനിന്നുമൊക്കെ അകലം പാലിക്കും. അയാളുടെ വയർ അന്നപാനീയങ്ങളിൽ നിന്നും ലൈംഗികാവയവം അതിന്റെ ആസ്വാദനങ്ങളിൽനിന്നും അകന്നുനിൽക്കുന്നത്പോലെ. അയാൾ വല്ലതും സംസാരിക്കുകയാണെങ്കിൽ തന്റെ വ്രതത്തിനു പരിക്കേൽപിക്കുന്ന യാതൊന്നും സംസാരിക്കുകയില്ല. വല്ലതും പ്രവർത്തിക്കുമ്പോഴും നോമ്പിനെ തകരാറിലാക്കുന്ന യാതൊന്നും ചെയ്യാതെ സൂക്ഷിക്കും. അയാളുടെ വാക്കുകളും പ്രവൃത്തികളുമെല്ലാം നന്മനിറഞ്ഞതും ഉപകാരപ്രദവുമായിരിക്കും. അത് കസ്തൂരിവാഹകന്റെ അടുത്തിരിക്കുന്നവർക്ക് കിട്ടുന്ന പരിമളത്തിന്റെ സ്ഥാനത്താണ്. ഒരു നോമ്പുകാരന്റെകൂടെ സമയം ചെലവഴിക്കുന്നയാളും ഇതുപോലെയാണ്. ആ ഇരുത്തം അയാൾക്ക് ഉപകാരപ്രദമായിരിക്കും.**

ഞ്ഞതും ഉപകാരപ്രദവുമായിരിക്കും. അത് കസ്തൂരിവാഹകന്റെ അടുത്തിരിക്കുന്നവർക്ക് കിട്ടുന്ന പരിമളത്തിന്റെ സ്ഥാനത്താണ്. ഒരു നോമ്പുകാരന്റെ കൂടെ സമയം ചെലവഴിക്കുന്നയാളും ഇതുപോലെയാണ്. ആ ഇരുത്തം അയാൾക്ക് ഉപകാരപ്രദമായിരിക്കും. അക്രമം, തോന്നിവാസം, കളവ്, അധർമം എന്നിവയിൽനിന്നൊക്കെ അയാൾ നിർഭയാനുമായിരിക്കും.

ഇതാണ് മതം അനുശാസിക്കുന്ന വ്രതം. അല്ലാതെ കേവലമായ അന്നപാനീയങ്ങൾ ഒഴിവാക്കൽ മാത്രമല്ല യഥാർഥനോമ്പ്. സ്വഹീഹായ പ്രവാചകവചനത്തിൽ സ്ഥിരപ്പെട്ടുവന്നതും ഇപ്രകാരമാണ്: "വ്യാജമായ വാക്കുകളും അതനുസരിച്ചുള്ള പ്രവൃത്തികളും അവിവേകവും ഒരാൾ ഉപേക്ഷിക്കാൻ ഒരുക്കമല്ലെങ്കിൽ അയാൾ തന്റെ അന്നപാനീയങ്ങൾ ഒഴിവാക്കുന്നതിൽ അല്ലാഹുവിനു യാതൊരു താൽ പര്യവുമില്ല." (ബുഖാരി).

മറ്റൊരു പ്രവാചകവചനം ഇപ്രകാരമാണ്: "എത്രയെത്ര നോമ്പുകാരാണ്; നോമ്പിൽനിന്നുള്ള അവരുടെ വിഹിതം കേവലമായ വിശപ്പും ദാഹവും മാത്രമായി കലാശിക്കുന്നത്." (അഹ്മദ്, നസാഈ, ഇബ്നുമാജ).

യഥാർഥ നോമ്പ് എന്ന് പറയുന്നത് പാപങ്ങളിൽനിന്ന് അവയവങ്ങളെയും അന്നപാനീയങ്ങളിൽനിന്ന് വയറിനെയും തടഞ്ഞുനിർത്തുന്ന നോമ്പാണ്. തീറ്റയും കുടിയും നോമ്പിനെ തകരാറിലാക്കുകയും നോമ്പ് മുറിക്കുകയും ചെയ്യുമെന്ന പോലെ തെറ്റുകുറ്റങ്ങൾ നോമ്പിന്റെ പ്രതിഫലത്തെ മുറിക്കുകയും അതിന്റെ ഫലങ്ങളെ തകരാറിലാക്കുകയും ചെയ്യും. അങ്ങനെ വരുമ്പോൾ നോമ്പെടുക്കാത്തയാളെ പോലെ അവ അയാളെ മാറ്റിക്കളയും.

നോമ്പുകാരനിൽനിന്ന് പുറത്തുവരുന്ന വാസന ഈ ലോകത്തുവെച്ചുണ്ടാകുന്നതാണോ, അതല്ല പരലോകത്തുണ്ടാകുന്നതാണോ എന്നതിൽ രണ്ടഭിപ്രായം പണ്ഡിതലോകത്തുണ്ട്.

ബഹുമാന്യരായ രണ്ട് പണ്ഡിതൻമാർ; അബൂമുഹമ്മദിബ്നു അബ്ദുസ്സലാം, അബൂഅംറുബ്നു സ്വലാഹ് എന്നിവർക്കിടയിൽ തദ്വിഷയകമായി നടന്ന തർക്കം സുവിദിതമാണ്. ശൈഖ് അബൂ മുഹമ്മദ് അത് പരലോകത്ത് പ്രത്യേകമായുള്ളതാണെന്ന വീക്ഷണക്കാരനാണ്. തദ്വിഷയകമായി അദ്ദേഹം ഒരു ഗ്രന്ഥം രചിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശൈഖ് അബൂഅംറ് ആകട്ടെ അത് ദുൻയാവിലും ആഖിറത്തിലും ഉള്ളതാണെന്ന അഭിപ്രായമാണ് പ്രകടിപ്പിക്കുന്നത്. തദ്വിഷയകമായി അദ്ദേഹവും ഒരു ഗ്രന്ഥം രചിക്കുകയും ശൈഖ് അബൂമുഹമ്മദിനുള്ള മറുപടി അതിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

അബൂഅംറുബ്നു സ്വലാഹ്(റഹി) ആ വിഷയത്തിൽ ഇബ്നുഹിബ്ബാൻ(റഹി)യുടെ രീതിയാണ് സ്വീകരിച്ചത്. ഇബ്നുഹിബ്ബാൻ തന്റെ 'സ്വഹീഹിൽ' അപ്രകാരമാണ് അധ്യായത്തിന് ശീർഷകം നൽകിയത്. 'നോമ്പുകാരന്റെ വായയുടെ വാസന അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയുടെ സുഗന്ധത്തെക്കാൾ ശ്രേഷ്ഠമാണ് എന്ന വിവരണം' എന്ന തലകെട്ടിനു കീഴിൽ അഅ്മശ് അബൂസ്വാലിഹ് വഴിയായി അബൂഹുറയ്റ മുഖേന നബിﷺയിൽനിന്നും ഉദ്ധരിക്കുന്ന ഹദീഥ് നൽകുന്നു. അതായത്, നബിﷺ പറഞ്ഞു: "അല്ലാഹു പറഞ്ഞിരിക്കുന്നു: ആദം സന്തതിയുടെ എല്ലാ കർമങ്ങളും അവനുള്ളതാണ്; നോമ്പൊഴികെ. നോമ്പാകട്ടെ, അത് എനിക്കുള്ളതാണ്. ഞാനാണ് അതിനു പ്രതിഫലം നൽകുന്നത്. നിശ്ചയം! നോമ്പുകാരന്റെ വായയുടെ വാസന അല്ലാഹുവിന്റെ പക്കൽ കസ്തൂരിയുടെ സുഗന്ധത്തെക്കാൾ വിശിഷ്ടമായതാണ്." (സ്വഹീഹ് ഇബ്നുഹിബ്ബാൻ,



ഈ ഹദീഥ് ഇതേ പരമ്പരയിലൂടെ ഇമാം മുസ്‌ലിമും ഉദ്ധരിച്ചിട്ടുണ്ട്).

എന്നിട്ട് അദ്ദേഹം പ്രസ്താവിക്കുന്നു: "നിശ്ചയം, നോമ്പുകാരന്റെ വായയുടെ വാസന, അന്ത്യനാളിൽ അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയുടെ സുഗന്ധത്തെക്കാൾ ഉൽകൃഷ്ടമായതാണ്.' എന്നിട്ട് മറ്റൊരു നബിവചനം അബൂഹുറയ്റ‎ﷺയിൽനിന്ന് അബൂസ്വാലിഹ് വഴി അത്വാഅ് മുഖേനെ ഇബ്നുജുറൈജിലൂടെ ഉദ്ധരിക്കുന്നു. നബിﷺ പറഞ്ഞു: അല്ലാഹു പറഞ്ഞിരിക്കുന്നു: 'ആദമിന്റെ സന്തതിയുടെ കർമങ്ങളെല്ലാം അവനുള്ളതാണ്; നോമ്പൊഴികെ, തീർച്ചയായും അത് എനിക്കുള്ളതാണ്. ഞാനാണ് അതിനു പ്രതിഫലം നൽകുന്നത്. മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻതന്നെ സത്യം! നോമ്പുകാരന്റെ വായയുടെ മണം അല്ലാഹുവിന്റെ പക്കൽ അന്ത്യനാളിൽ കസ്തൂരിയുടെ സുഗന്ധത്തെക്കാൾ പരിമളമുള്ളതാണ്. നോമ്പുകാരന് രണ്ട് സന്തോഷമുണ്ട്. നോമ്പ് അവസാനിപ്പിച്ചാൽ അവനു സന്തോഷമാണ്. അപ്രകാരംതന്നെ അല്ലാഹുവിനെ കണ്ടുമുട്ടുമ്പോൾ തന്റെ നോമ്പ് കാരണത്താലും അവൻ സന്തോഷിക്കുന്നതാണ്."

അബൂഹാതിം ഇബ്നുഹിബ്ബാൻ(റഹി) പറയുന്നു: "സത്യവിശ്വസികളെ മറ്റു സമൂഹങ്ങളിൽനിന്ന് വേർതിരിക്കുന്ന പരലോകത്തെ അടയാളമാണ് ദുൻയാവിലെ അവരുടെ വുദൂഇന്റെ ഭാഗമായി അവയവങ്ങൾ പ്രകാശിക്കൽ. അപ്രകാരംതന്നെ അവരുടെ നോമ്പുകാരണമായി അന്ത്യനാളിൽ അവർക്ക് ലഭിക്കുന്ന മറ്റൊരു അടയാളമാണ് കസ്തൂരിയുടെ സുഗന്ധത്തെക്കാൾ പരിമളമുള്ള അവരുടെ വായയുടെ സുഗന്ധം. സത്യവിശ്വാസികൾ അവരുടെ കർമങ്ങൾ കൊണ്ട് ആ മഹാസംഗമത്തിൽ മറ്റു സമൂഹങ്ങളിൽനിന്ന് വേറിട്ട് അറിയപ്പെടുന്നതിനു വേണ്ടിയാണത്. അല്ലാഹു നമ്മെ അക്കൂട്ടത്തിൽ ഉൾപ്പെടുത്തുമാറാകട്ടെ"(സ്വഹീഹ് ഇബ്നു ഹിബ്ബാൻ).

ശേഷം അദ്ദേഹം പറയുന്നു: "നോമ്പുകാരന്റെ വായയുടെ വാസന ചിലപ്പോൾ ഇഹലോകത്തും കസ്തൂരിയെക്കാൾ പരിമളമുള്ളതായിരിക്കുമെന്ന വിവരണം." എന്നിട്ട് ശുഅ്ബ സുലൈമാനിൽനിന്നും അദ്ദേഹം ദകവാനിൽനിന്നും അദ്ദേഹം അബൂഹുറയ്റ‎ﷺയിൽനിന്നുമായി ഉദ്ധരിക്കുന്ന ഹദീഥ് കൊടുക്കുന്നു. നബിﷺ പറഞ്ഞു: 'ആദമിന്റെ സന്തതി പ്രവർത്തിക്കുന്ന ഏതൊരു നന്മയും പത്തുനന്മകൾ മുതൽ എഴുന്നൂറ് ഇരട്ടിവരെയായിരിക്കും. അല്ലാഹു പറയുന്നു: നോമ്പ് ഒഴികെ, അത് എനിക്കുള്ളതാണ്; ഞാനാണ് അതിനു പ്രതിഫലം നൽകുന്നത്. നോമ്പുകാരൻ എന്റെപേരിൽ ഭക്ഷണം ഉപേക്ഷിക്കുന്നു. എന്റെപേരിൽ പാനീയവും ഉപേക്ഷിക്കുന്നു. നോമ്പുകാരന് രണ്ട് സന്തോഷങ്ങളുണ്ട്. ഒരു സന്തോഷം നോമ്പ് അവസാനിപ്പിക്കുമ്പോഴും മറ്റൊന്ന് തന്റെ റബ്ബിനെ കണ്ടുമുട്ടുമ്പോഴും. നോമ്പുകാരൻ ഭക്ഷണം ഒഴിവാക്കിയത് മൂലം ഉണ്ടാകുന്ന വയയുടെ വാസന അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയുടെ സുഗന്ധത്തെക്കാൾ വിശിഷ്ടമായതാണ്" (ഇബ്നുഹിബ്ബാൻ, അഹ്മദ്).

**"യഥാർഥ നോമ്പ് എന്ന് പറയുന്നത് പാപങ്ങളിൽനിന്ന് അവയവങ്ങളെയും അന്നപാനീയങ്ങളിൽനിന്ന് വയറിനെയും തടഞ്ഞുനിർത്തുന്ന നോമ്പാണ്. തീറ്റയും കുടിയും നോമ്പിനെ തകരാറിലാക്കുകയും നോമ്പ് മുറിക്കുകയും ചെയ്യുമെന്ന പോലെ തെറ്റുകുറ്റങ്ങൾ നോമ്പിന്റെ പ്രതിഫലത്തെ മുറിക്കുകയും അതിന്റെ ഫലങ്ങളെ തകരാറിലാക്കുകയും ചെയ്യും. അങ്ങനെ വരുമ്പോൾ നോമ്പെടുക്കാത്തയാളെ പോലെ അവ അയാളെ മാറ്റിക്കളയും. നോമ്പുകാരനിൽനിന്ന് പുറത്തുവരുന്ന വാസന ഈ ലോകത്തുവെച്ചുണ്ടാകുന്നതാണോ, അതല്ല പരലോകത്തുണ്ടാകുന്നതാണോ എന്നതിൽ രണ്ടഭിപ്രായം പണ്ഡിതലോകത്തുണ്ട്."**

ശൈഖ് അബൂമുഹമ്മദ്(റഹി) തെളിവാക്കുന്നത് ഹദീഥിൽ വന്ന 'ക്വിയാമത് നാളിൽ' എന്ന ഭാഗമാണ്.

ഞാൻ (ഇബ്നുൽ ക്വയ്യിം) പറയട്ടെ; അതിന് ഉപോൽബലകമാക്കാവുന്നതാണ് ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ഉദ്ധരിക്കുന്ന ഈ ഹദീഥും. നബിﷺ പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം! അല്ലാഹുവിന്റെ മാർഗത്തിൽ മുറിവേറ്റ ഏതൊരു വ്യക്തിയും- എന്നാൽ ആരാണ് അല്ലാഹുവിന്റെ മാർഗത്തിൽ മുറിവേറ്റവൻ എന്ന് അല്ലാഹുവാണ് നന്നായി അറിയുക- ക്വിയാമത്ത് നാളിൽ വരുമ്പോൾ അയാളുടെ മുറിവ് രക്തമൊഴുക്കുന്നുണ്ടാവും. നിറം രക്തത്തിന്റെയും വാസന കസ്തൂരിയുടെയും' (ബുഖാരി, മുസ്‌ലിം).

അൻവർ അബൂബക്കർ
manwar78vkd@gmail.com

ലേഖനം




# ക്വുർആൻ പാരായണത്തിന് മുമ്പ് ഇസ്തിആദ ചൊല്ലുന്നതെന്തിന്?

ക്വുർആനിലെ ഏതൊരു ആയത്തും പാരായണം ചെയ്യുന്നതിന് മുമ്പ് ശപിക്കപ്പെട്ട പിശാചിൽനിന്നും നമ്മൾ അല്ലാഹുവോട് ശരണം തേടാറുണ്ട്. 'അഊദു ബില്ലാഹി മിനശ്ശൈത്വാനി റജീം' എന്ന വാക്കുകളാണ് നമ്മളതിന് ഉപയോഗിക്കാറുള്ളത്. ആട്ടപ്പെട്ട അഥവാ ശപിക്കപ്പെട്ട (ശൈത്വാനിൽനിന്ന്) പിശാചിൽനിന്ന് അല്ലാഹുവോടുള്ള ഈ ശരണം തേടലിന് 'ഇസ്തിആദ' എന്ന് സാങ്കേതികമായി പറയുന്നു.

ശൈത്വാൻ എന്ന പേര് തന്നെ അകലുക, ദൂരെയാകുക എന്നൊക്കെയാണ് അർഥം. 'ശത്വന' എന്ന അറബി പദത്തിൽനിന്നാണത് ഉത്ഭവിച്ചതെന്ന് ഭാഷാപണ്ഡിതൻമാർ പഠിപ്പിക്കുന്നത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം മനുഷ്യന്റെ ആജീവാനന്ത ശത്രുവാണ് പിശാച്. ഒരു വ്യക്തിയുടെ നന്മയിൽ ഏറ്റവും കൂടുതൽ അസൂയയുള്ളവനും സകല നന്മകളിലും വഴിമുടക്കിയുമായി പണി എടുക്കുന്ന ദുഷ്ടനാണവൻ. അതുകൊണ്ടാണ് ഈ പിശാചിൽ നിന്നും ഉണ്ടാകുന്ന എല്ലാവിധ ഉപദ്രവങ്ങളിൽനിന്നും ഒരു വിശ്വാസി അല്ലാഹുവോട് രക്ഷ തേടുന്നത്.

മുഹമ്മദ് നബിﷺയുടെ സാന്നിധ്യത്തിൽ വെച്ച് രണ്ടാളുകൾ പരസ്പരം വഴക്കടിക്കുകയുണ്ടായി. കോപം നിമിത്തം ഒരാളുടെ മുഖം ചുമന്നു. അന്നേരം നബിﷺ അദ്ദേഹത്തോട് എനിക്കൊരു വാക്കറിയാമെന്നും അതവൻ പറഞ്ഞിരുന്നുവെങ്കിൽ അവനിൽ കാണുന്ന ആ കോപം അവനെ വിട്ടു



പോകുമായിരുന്നുവെന്നും പറഞ്ഞു. പ്രസ്തുത വാക്കാണ് 'അഊദു ബില്ലാഹി മിനശ്ശെയ്ത്വാനി റജീം.' (ബുഖാരി, മുസ്‌ലിം)

മനുഷ്യരെ വഴിതെറ്റിക്കാനായി സർവപ്രയത്നങ്ങളും താൻ ഉപയോഗപ്പെടുത്തുമെന്ന് അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തവനാണ് പിശാച്. ഈ പിശാചിനെ നമ്മുടെ നഗ്ന നേത്രങ്ങൾകൊണ്ട് കാണാൻ സാധിക്കുന്ന രൂപത്തിലല്ല അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്. ഈ ദുർവൃത്തനെ കുറിച്ചുള്ള വിവരങ്ങൾ ലഭിക്കാൻ അവനെ സൃഷ്ടിച്ച ഏകനും സർവ്വശക്തനും സർവ്വാധിപനുമായ അല്ലാഹു നമുക്ക് അറിയിച്ചു തന്ന വിവരങ്ങൾ ആശ്രയിക്കുകയല്ലാതെ മറ്റുനിർവാഹവുമില്ല. പിശാച് പറഞ്ഞതായി അല്ലാഹു അറിയിച്ചു തരുന്നു: "നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുന്നിലൂടെയും, അവരുടെ പിന്നിലൂടെയും, അവരുടെ വലതുഭാഗങ്ങളിലൂടെയും, ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല." (അഅ്റാഫ് 16,17).

മനുഷ്യസൃഷ്ടിപ്പിന്റെ തുടക്കം മുതലാരംഭിച്ചതാണ് മനുഷ്യനോടുള്ള പിശാചിന്റെ ഒടുങ്ങാത്ത ശത്രുത. ഈ വിരോധം അന്ത്യനാൾവരെ തുടരുമെന്നാണ് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. ക്വുർആനിലെ നിരവധി ആയത്തുകളിലൂടെ പിശാചിന്റെ ചതികളേയും കുതന്ത്രങ്ങളേയും സംബന്ധിച്ച് അല്ലാഹു നമുക്ക് ജാഗ്രതാ നിർദേശം നൽകി. അല്ലാഹു പറഞ്ഞു: "തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായിത്തന്നെ ഗണിക്കുക. അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടി മാത്രമാണ്." (ഫാത്വിർ: 6)

മനുഷ്യനിൽ കുഴപ്പങ്ങളുണ്ടാക്കുന്ന ഈ പിശാച് ആരാണെന്നും എന്താണവന്റെ പ്രവർത്തനശൈലിയെന്നും അവനൊരുക്കുന്ന തന്ത്രങ്ങളെന്തൊക്കെയാണെന്നും, മനുഷ്യനിൽ അവനുണ്ടാക്കുന്ന സന്ദേഹങ്ങളുടെ ആഴമെത്രയെന്നും, മനുഷ്യനെ അവൻ വരുതിയിലാക്കുന്നത് ഏതൊക്കെ മാർഗങ്ങളിലൂടെയാണെന്നുമൊക്കെ അല്ലാഹു നമുക്ക് അറിയിച്ചു തന്നിട്ടുണ്ട്. ഇപ്രകാരം പിശാചിന്റെ എല്ലാവിധ ദുഷ്പ്രേരണകളെകുറിച്ചും കൃത്യമായി അറിയുന്ന അല്ലാഹുവാണ് വിശ്വാസികളോട് പറയുന്നത്: "നീ ക്വുർആൻ പാരായണം ചെയ്യുകയാണെങ്കിൽ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവോട് ശരണം തേടിക്കൊള്ളുക." (നഹ്ൽ 98).

അല്ലാഹുവിന്റെ ഈ പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തിയാണ് ക്വുർആൻ പാരായണത്തിന് മുമ്പ് ഇസ്തിആദ ചൊല്ലുന്നത് സുന്നത്താണെന്ന് ഭൂരിഭാഗം പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുള്ളത്. ക്വുർആൻ പാരായണത്തിന് മുമ്പ് നമ്മൾ ചൊല്ലുന്ന ഈ ഇസ്തിആദ ക്വുർആനിക സൂക്തമല്ലെന്നതിൽ പണ്ഡിതൻമാർക്കിടയിൽ ഏകോപനമുണ്ട്. ക്വുർആനിലും ഹദീഥുകളിലൂടെയും തദ്‌വിഷയവുമായി വന്ന കാര്യങ്ങൾ മുഖവിലക്കെടുത്താണ് ചില പണ്ഡിതൻമാർ ക്വുർആൻ പാരായണത്തിന് മുമ്പ് ഇസ്തിആദ ചൊല്ലൽ നിർബന്ധമാണെന്ന് അഭിപ്രായപ്പെട്ടത്. എന്നാൽ, മുമ്പ് സൂചിപ്പിച്ചതുപ്രകാരം ഭൂരിഭാഗം പണ്ഡിതൻമാരും ഇത് ചൊല്ലൽ നിർബന്ധമല്ല, മറിച്ച് ഒരു പ്രധാനപ്പെട്ട സുന്നത്താണെന്നാണ് പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ഒരാൾ ക്വർആൻ പാരായണത്തിന് മുമ്പ് ഇസ്തിആദ ഓതിയിട്ടില്ലെങ്കിൽ അയാൾ കുറ്റക്കാരനാണെന്ന് പറയാൻ പാടുള്ളതല്ല. ഇമാം ഇബ്നു കഥീർ(റഹി) അദ്ദേഹത്തിന്റെ തഫ്സീറിൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. പക്ഷെ, ഒരിക്കലും തന്നെ ഒരു പ്രബലമായ സുന്നത്ത് നമ്മൾ നിസ്സാരമാക്കുകയോ അലംഭാവത്തോടുകൂടി ഒഴിവാക്കുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാകരുത്. അതുകൊണ്ട് എല്ലാവരും പരിശുദ്ധ ക്വുർആൻ പാരായണം ചെയ്യാൻ ആരംഭിക്കുമ്പോൾ ഇസ്തിആദ ചൊല്ലുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച



# മരണം സുനിശ്ചിതമാണ്

മാനം മങ്ങിയിരിക്കുന്നു; മനസ്സും. ലോക്ക് ഡൗൺ മൂഡ് പകർന്നതാണോ ആവോ! മാസങ്ങളായി വിളിക്കാൻ മടിച്ച പഴയ ഓഫീസറെ ഫോണിൽ വിളിച്ചു. ഒരു മണിക്കൂറാണ് സംസാരിച്ചത്. അദ്ദേഹത്തിന്റെ ഇഷ്ടവിഷയമായ മൊബൈൽ ഫോൺ, ഫുട്ബോൾ എന്നിവ പരാമർശിച്ചെങ്കിലും അരുത് എന്ന് ആഗ്രഹിച്ച വിഷയവും ഇങ്ങോട്ട് വന്നുപോയി. അദ്ദേഹത്തിന്റെ ഭാര്യ മഹാരോഗം വന്ന് മാസങ്ങൾക്ക് മുമ്പ് മരണപ്പെട്ടിരുന്നു. കോളേജ് വിദ്യാർഥിനിയായ മകൾ മാത്രം ഒപ്പം വീട്ടിൽ. കൂട്ടിന് കോവിഡ് പേടിയും. മോൾക്ക് വേറെ ആരുമില്ലല്ലോ എന്ന കരുതൽ.

എൽ.പി.സ്കൂൾ സഹപാഠി, കളിക്കൂട്ടുകാരൻ സ്കൂൾ കാലഘട്ടത്തിൽ മരണപ്പെട്ടത് ഓർമവരുന്നു. ഇടക്കിടെയുള്ള വയറുവേദനയായിരുന്നു കാരണം. ശരിയായ രോഗനിർണയമോ മതിയായ ചികിത്സയോ കിട്ടിയിട്ടുമുണ്ടാവില്ല. ദാരിദ്ര്യംതന്നെയാവണം മുഖ്യകാരണം. കോളേജ് കാലത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട സതീർഥ്യ, ഞങ്ങളൊക്കെ ചേച്ചി എന്ന് വിളിച്ചിരുന്നവരുടെ പെട്ടെന്നുള്ള മരണം മറന്നിട്ടില്ല. കോണിപ്പടിയിൽനിന്ന് വീണതായിരുന്നു തുടക്കം. പിന്നെ കിടക്കയിൽ കൊല്ലങ്ങൾ...

വലിയരോഗത്തിൽനിന്നും സങ്കീർണമായ സർജറിയിൽനിന്നും രക്ഷപ്പെട്ട്, പിന്നെ കാര്യമായ രോഗമൊന്നുമില്ലാതെ കഴിയവെ പെട്ടെന്ന് മരണപ്പെട്ട അയൽവാസിയെ ഓർമവരുന്നു. സഹപ്രവർത്തകയായ ടൈപ്പിസ്റ്റിന്റെ മരണവാർത്ത ദിവസങ്ങൾക്ക് ശേഷം അറിഞ്ഞതിന്റെ ഞെട്ടൽ ഓർമയിലുണ്ടിന്നും.

ചെറുപ്പത്തിലേ മരണം കൈപിടിച്ച് കൊണ്ടുപോയ, മാതൃകുടുംബത്തിലെ ഇരുവരെ മറക്കാൻ കഴിയില്ല. മോളെ രോഗവും മോനെ അപകടവുമാണ് മടക്കിക്കൊണ്ടുപോയത്. ശാരീരിക വെല്ലുവിളികൾ നേരിട്ട, കുടുംബത്തിലെ ഒരാളെ ഈ നോമ്പിലാണ് വിധി തിരികെകൊണ്ടുപോയത്. ഇത് വായിക്കുന്ന എല്ലാവർക്കുമുണ്ടാകും ഇതുപോലുള്ള എത്രയോ അനുഭവങ്ങൾ.

പത്രത്തിൽ, ഓഫീസ്ഗ്രൂപ്പിൽ, സോഷ്യൽ മീഡിയയിൽ... മരണവാർത്തകൾ നിറഞ്ഞുനിൽക്കുകയാണ്. കോവിഡ് ഇത്തരം വാർത്തകൾക്ക് ആക്കവും തൂക്കവും കൂട്ടുന്നു.

ഇടിയും മഴയും കാറ്റും കോളും ഇനിയും കാത്തിരിക്കുന്നു എന്ന് വാർത്ത. പരീക്ഷിക്കാൻ പ്രളയം ഇനിയും മറഞ്ഞ് നിൽപ്പുണ്ടോ? മരണം ആരെ, എപ്പോൾ, എവിടെവെച്ച്, ഏതുരൂപത്തിൽ പിടികൂടുമെന്ന് നമുക്കാർക്കും അറിയില്ല. സ്രഷ്ടാവിനേ ഭാവി കാര്യങ്ങൾ അറിയൂ.

“തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴപെയ്യിക്കുന്നു. ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു” (ക്വുർആൻ 31:34).

കാറ്റും കോളും കോവിഡും മാറി നല്ല നാൾ വരുന്നതും കാത്തിരിക്കാം. സൽകർമങ്ങളിൽ നിരതരാകാം. പ്രാർഥനകളിൽ മുഴുകാം.

“ഒരാൾക്കും അയാളുടെ അവധി വന്നെത്തിയാൽ അല്ലാഹു നീട്ടിക്കൊടുക്കുകയേ ഇല്ല. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു” (ക്വുർആൻ 63:11).



WISDOM alive
COUNSELLING DESK

## ക്വാറന്റെനിലാണോ?

## രോഗ ഭീതി മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടോ?

# പരിഹാരമുണ്ട്

## Wisdom Alive ലേക്ക് വിളിക്കാം

### വിവിധ ജില്ലകളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

**കാസറഗോഡ്**
+919526749667
+918075011566

**കണ്ണൂർ**
+919645099797
+9194474 11307

**വയനാട്**
+919446990991
+919961215816

**കോഴിക്കോട് നോർത്ത്**
+919895626691
+919567858078

**കോഴിക്കോട് സൗത്ത്**
+918547853036
+919895356111

**പാലക്കാട്**
+919656118833
+919847939173

**മലപ്പുറം ഈസ്റ്റ്**
(നിലമ്പൂർ റീജ്യൺ)
+919447749005
+919995662305

**മലപ്പുറം വെസ്റ്റ്**
(തിരൂർ റീജ്യൺ)
+919037159419
+917012095123

**മലപ്പുറം നോർത്ത്**
(മലപ്പുറം റീജ്യൺ)
+919495889689
+919946199288

**തൃശൂർ**
+919446222282
+917510580834

**എറണാകുളം**
+918921655063
+918289880889

**ഇടുക്കി**
+919946545193
+919037640858

**ആലപ്പുഴ**
+919995310518
+918943464478

**കൊല്ലം**
+919895786601
+919947802460

**തിരുവനന്തപുരം**
+919526524467

WISDOM ALIVE COUNCELLING DESK

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JUNE 05

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App